بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 5 | ലക്കം 14

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഏപ്രിൽ 02/ഹി.ശം. 1399 ശഹാദത്ത് 02/1441 ശഅ്ബാൻ 08


## അല്ലാഹുവിന്റെ വചനം

وَمَا كَانَ اللّٰهُ لِيُطۡلِعَكُمۡ عَلَى الۡغَيۡبِ وَلٰكِنَّ اللّٰهَ يَجۡتَبِىۡ مِنۡ رُّسُلِهٖ مَنۡ يَّشَآءُ‌ فَاٰمِنُوۡا بِاللّٰهِ وَرُسُلِهٖ‌ ۚ وَاِنۡ تُؤۡمِنُوۡا وَتَتَّقُوۡا فَلَـكُمۡ اَجۡرٌ عَظِيۡمٌ

അദൃശ്യകാര്യങ്ങൾ അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തിത്തരുകയുമില്ല. പക്ഷേ, അല്ലാഹു തന്റെ ദൂതന്മാരിൽനിന്ന് താൻ ഇച്ഛിക്കുന്നവരെ അവൻ തിരഞ്ഞെടുക്കുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നതായാൽ നിങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ടായിരിക്കും(3:180)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**തന്റെ ജീവിതത്തിൽ അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കുന്നവനാണ് കുറ്റവാളി.**

**അല്ലാഹുവിനോടു കർമപരമായ നിലയിൽ ജാഗ്രത പ്രകടിപ്പിക്കുന്നുവെങ്കിൽ അല്ലാഹുവും അവനോടു ജാഗ്രതയിലാണെന്ന് മനസ്സിലാക്കുക. അല്ലാഹുവിനെ സ്നേഹിക്കുകയും വെള്ളംപോലെ അവനിലേക്ക് കുനിയുകയും ചെയ്യുന്നുവെങ്കിൽ അവൻ ദയാലുവാണെന്ന് മനസ്സിലാക്കുക.**

**കർഷകൻ തന്റെ വയൽ പാഴാക്കിക്കളയാൻ സാധ്യതയുണ്ട്. തൊഴിലാളി വരാതിരുന്ന് നഷ്ടമുണ്ടാക്കാനും സാധ്യതയുണ്ട്. പരീക്ഷ എഴുതുന്നവൻ വിജയിക്കാതിരിക്കാനും ഇടയുണ്ട്. എന്നാൽ, അല്ലാഹുവിനുവേണ്ടി പരിശ്രമിക്കുന്നവൻ ഒരിക്കലും പരാജയപ്പെടുകയില്ല.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## ഞാൻ പറയുന്ന കാര്യങ്ങൾ പാഴാക്കിക്കളയരുത്

നല്ലവണ്ണം ഓർത്തുകൊള്ളുക! ഒരുനാൾ അല്ലാഹുവിന്റെ സന്നിധിയിൽ പോകണമെന്നത് സത്യമാണെന്ന് മനസ്സിലാക്കുക. നമ്മൾ നല്ല അവസ്ഥയിൽ ഇവിടെനിന്ന് പോകുകയാണെങ്കിൽ നമുക്ക് അത് അനുഗൃഹീതവും സന്തോഷവുമാണ്. ഇല്ലെങ്കിൽ വളരെ ഭയാനകമായ അവസ്ഥയാണ്. ഓർത്തുകൊള്ളുക! മനുഷ്യൻ മോശമായ അവസ്ഥയിൽ ഇവിടെനിന്ന് പോകുമ്പോൾ അകലത്തുള്ള വീട് അവന് ഇവിടെ നിന്നുതന്നെ ആരംഭിക്കുന്നു. അതായത് മരണവേദനയുടെ അവസ്ഥയിൽത്തന്നെ അവനിൽ മാറ്റമുണ്ടാകാൻ തുടങ്ങുന്നു. അല്ലാഹു പറഞ്ഞു: *ഇന്നഹു മൻയ്യഅ്ത്തി റബ്ബഹു മുജ്രിമൻ ഫഇന്ന ലഹു ജഹന്നമ ലാ യമൂത്തു ഫീഹാ വലാ യഹ്‌യാ* അതായത് യാഥാർഥ്യമിതാണ്, ഏതൊരാൾ തന്റെ നാഥന്റെ അടുക്കൽ കുറ്റവാളിയായുംകൊണ്ട് ഹാജരാകുന്നുവോ തീർച്ചയായും അവന് നരകമാണ് ലഭിക്കുക. അവനതിൽ മരിക്കുകയുമില്ല, ജീവിക്കുകയുമില്ല.(20:75)

ഇത് എത്രമാത്രം വ്യക്തമായ കാര്യമാണ്. ജീവിതത്തിന്റെ സുഖത്തിലും സന്തോഷത്തിലും തന്നെയാണ് യഥാർഥ ആനന്ദം. എന്നല്ല അതേ അവസ്ഥയിൽ അവൻ ജീവനുള്ളവനായി ഭാവന ചെയ്യപ്പെടുന്നു;എല്ലാ തരത്തിലുള്ള സമാധാനവും സൗഖ്യവുമുണ്ടാകുമ്പോൾ! ഇനി അവൻ ഏതെങ്കിലും വേദനയിൽ ഉദാഹരണത്തിന് വൻകുടൽ വീക്കത്തിൽ, അല്ലെങ്കിൽ പല്ലുവേദനയിൽ അകപ്പെടുകയാണെങ്കിൽ മരിച്ചവരെക്കാൾ കഷ്ടത്തിലായിരിക്കും. മരിച്ചവനെന്നോ ജീവിച്ചിരിക്കുന്നവനെന്നോ പറയാൻ പറ്റാത്ത അവസ്ഥിലായിത്തീരുന്നു. ഇതുകൊണ്ട് അനുമാനിക്കുക, നരകത്തിന്റെ വേദനാജനകമായ ശിക്ഷയിൽ എത്രമാത്രം മോശമായ അവസ്ഥയിലായിരിക്കുമെന്ന്!

## തന്റെ ജീവിതത്തിൽ അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കുന്നവനാണ് കുറ്റവാളി.

തന്റെ ജീവിതത്തിൽ അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കുന്നവനാണ് കുറ്റവാളി. അല്ലാഹുവിനുവേണ്ടി ആകാനും സത്യവാന്മാരുടെ കൂടെയാകാനുമായിരുന്നു അവന് കല്പന. എന്നാൽ, അവൻ ശരീരേച്ഛയുടെ അടിമയായിക്കൊണ്ടിരുന്നു. ദ്രോഹികളുമായും അല്ലാഹുവിന്റേയും റസൂലിന്റെയും ശത്രുക്കളുമായും അവൻ സുഹൃത്ബന്ധം സ്ഥാപിച്ചു. അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിച്ചുവെന്നാണ് അവൻ തന്റെ കർമങ്ങൾകൊണ്ട് തെളിയിച്ചു കാണിച്ചത്. മനുഷ്യൻ ഏതുഭാഗത്ത് കാല് ഉയർത്തന്നുവോ അവന്റെ എതിർദിശയിൽനിന്ന് അവൻ അകന്നുകൊണ്ടേപോകുന്നുവെന്നത് അല്ലാഹുവിന്റെ ഒരു രീതിയാണ്. അവൻ അല്ലാഹുവിൽനിന്ന് മാറി ശരീരേച്ഛയുടെ അടിമയാകുകയാണെങ്കിൽ അപ്പോൾ അല്ലാഹു അവനിൽനിന്ന് അകന്നകന്ന് പോകുന്നു. അവിടെ ബന്ധങ്ങൾ വർധിച്ചുകൊണ്ടുപോകുമ്പോൾ ഇവിടെ കുറഞ്ഞുകൊണ്ടുപോകുന്നു. 'മനസ്സ് മാറ്റണമെങ്കിൽ അല്ലാഹുവിന്റെ വഴിയിലേക്ക് മാറ്റുക' എന്ന ഫാർസി ചൊല്ല് പ്രസിദ്ധമാണ്. അതിനാൽ അല്ലാഹുവിനോടു കർമപരമായ നിലയിൽ ജാഗ്രത പ്രകടിപ്പിക്കുന്നുവെങ്കിൽ അല്ലാഹുവും അവനോടു ജാഗ്രതയിലാണെന്ന് മനസ്സിലാക്കുക. അല്ലാഹുവിനെ സ്നേഹിക്കുകയും വെള്ളംപോലെ അവനിലേക്ക് കുനിയുകയും ചെയ്യുന്നുവെങ്കിൽ അവൻ ദയാലുവാണെന്ന് മനസ്സിലാക്കുക. സ്നേഹിക്കുന്നവനെക്കാൾ അധികം അല്ലാഹു അവനെ സ്നേഹിക്കുന്നു. അവൻ എങ്ങനെയുള്ള ദൈവമാണെന്നാൽ തന്നെ സ്നേഹിക്കുന്നവരുടെമേൽ ബർക്കത്തുകൾ ഇറക്കുന്നു. അല്ലാഹു അവനോടൊപ്പമുണ്ടെന്ന് അവന് ബോധ്യം വരുത്തുന്നു. അവന്റെ സംസാരത്തിലും അവന്റെ ചുണ്ടുകളിലും ബർക്കത്ത് വെച്ചുകൊടുക്കുന്നു. ജനങ്ങൾ അവന്റെ വസ്ത്രങ്ങളിൽനിന്നും അവന്റെ എല്ലാ കാര്യങ്ങളിൽനിന്നും ബർക്കത്ത് പ്രാപിക്കുന്നു. അല്ലാഹുവിനുവേണ്ടി ആരാണോ ആയിത്തീരുന്നത് അല്ലാഹു അവനുവേണ്ടി ആയിത്തീരുന്നുവെന്നതിന് മുസ്‌ലിം സമുദായത്തിൽ വ്യക്തമായ തെളിവുകളുണ്ട്.

## അല്ലാഹുവിനുവേണ്ടി പരിശ്രമിക്കുന്നവൻ ഒരിക്കലും പരാജയപ്പെടുകയില്ല.

അല്ലാഹു തന്നിലേക്ക് വരുന്നവന്റെ അധ്വാനത്തേയും പരിശ്രമത്തേയും ഒരിക്കലും പാഴാക്കുകയില്ല. കർഷകൻ തന്റെ വയൽ പാഴാക്കിക്കളയാൻ സാധ്യതയുണ്ട്. തൊഴിലാളി വരാതിരുന്ന് നഷ്ടമുണ്ടാക്കാനും സാധ്യതയുണ്ട്. പരീക്ഷ എഴുതുന്നവൻ വിജയിക്കാതിരിക്കാനും ഇടയുണ്ട്. എന്നാൽ, അല്ലാഹുവിനുവേണ്ടി പരിശ്രമിക്കുന്നവൻ ഒരിക്കലും പരാജയപ്പെടുകയില്ല. **അല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** എന്നത് അവന്റെ സത്യമായ വാഗ്ദാനമാണ്.(29:70) അല്ലാഹുവിന്റെ വഴി അന്വേഷിക്കുന്നവൻ അവസാനം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നു. ഭൗതിക പരീക്ഷകൾക്കുവേണ്ടി തയ്യാറെടുപ്പ് നടത്തുന്ന, രാത്രിയെ പകലാക്കുന്ന വിദ്യാർഥിയുടെ അധ്വാനവും അവസ്ഥയും കണ്ട് നമുക്ക് ദയ തോന്നുന്നുവെങ്കിൽ അതിരറ്റതും അന്ത്യമില്ലാത്തതുമായ കാരുണ്യവും കൃപയുമുള്ള അല്ലാഹു തന്റെ അടുത്തേക്ക് വരുന്നവനെ പാഴാക്കിക്കളയുമോ? ഒരിക്കലുമില്ല. അല്ലാഹു ആരുടേയും പരിശ്രമത്തെ പാഴാക്കിക്കളയുകയില്ല. *ഇന്നല്ലാഹ ലാ യുളീഉ അജ്റൽമുഹ്സിനീൻ* (10:120) വീണ്ടും പറയുന്നു: *മൻയ്യഅ്മൽ മിഥ്ഖാല ദർറത്തിൻ ഖയ്റൻയ്യറഹൂ* (സിൽസാൽ:8) ഓരോ വർഷവും ആയി

(ശേഷം പേജ് 11ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَاۤ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

എല്ലാ എതിരാളികളേയും മുന്നിൽവരാൻ നാം വിളിച്ചു.
*ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി– ശർറസ്സുമൂമി അദാവത്തുസ്സുലഹാഉ*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഗ്രന്ഥങ്ങളിൽ എല്ലായിടത്തും സമ്മാനം പ്രഖ്യാപിച്ചും അല്ലാതെയും എതിരാളികളെ വെല്ലുവിളിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അങ്ങേയറ്റം പ്രൗഢഗംഭീരമായ ചില വെല്ലുവിളികൾ വായിക്കുമ്പോഴുണ്ടാകുന്ന അവസ്ഥ വിവരണാതീതമാണ്. അവിടന്ന് സമ്മാനം പ്രഖ്യാപിച്ചുകൊണ്ട് വെല്ലുവിളിച്ചതിന്റെ ഉദ്ദേശ്യം എതിരാളികളുടെമേൽ നല്ലവണ്ണം ന്യായപൂർത്തിവരുത്തുകയും ഇസ്ലാമിന്റെ സത്യസാക്ഷ്യം പകൽവെളിച്ചംപോലെ വ്യക്തമാക്കുകയും ചെയ്യുക എന്നതായിരുന്നു. 12-ാം ലക്കം ബദ്ർ ആഴ്ചപ്പതിപ്പിൽ ഞാൻ ബറാഹീനെ അഹ്മദിയ്യായെ ഉദ്ധരിച്ച് അദ്ദേഹത്തിന്റെ പതിനായിരം രൂപ പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളിയെ സംബന്ധിച്ച് പറഞ്ഞിരുന്നു. ഇന്ന് ഞാൻ ആ മഹാത്മാവിന്റെ മറ്റൊരു സമ്മാനം പ്രഖ്യപിച്ചുകൊണ്ടുള്ള വെല്ലുവിളിയെ കുറിച്ച് പറയാനാണ് ഉദ്ദേശിക്കുന്നത്. ഈ വെല്ലുവിളിയും അദ്ദേഹം തന്റെ അതേ ഗ്രന്ഥത്തിൽ അതായത് ബറാഹീനെ അഹ്മദിയ്യായിൽ പേജ് 434-ൽ പാതിരി ഇമാദുദ്ദീന്റെ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നതിനെ കുറിച്ചുള്ള ആക്ഷേപത്തിനു നല്കിയ മറുപടിയിൽ നല്കിയതാണ്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇമാദുദ്ദീന്റെ ആക്ഷേപവും അതിനുള്ള മറുപടിയും എഴുതുന്നതിനുമുമ്പേ പാതിരി സാഹിബിനെ ഹ്രസ്വമായി പരിചയപ്പെടുത്തുന്നത് നല്ലതായിരിക്കുമെന്ന് കരുതുന്നു. 1830 ലാണ് ഇമാദുദ്ദീൻ ജനിച്ചത്. 1900-ൽ വഫാത്തായി. ഖുർആനിന്റേയും ഹദീഥിന്റേയും അറിവ് കരസ്ഥമാക്കുകയും ഫുഖഹാഇന്റേയും സ്വലഹാഇന്റേയും ഉലമാഇന്റേയും സൽസംഗത്തിൽനിന്ന് ഫലമെടുക്കുകയും അവരിൽനിന്ന് ദീൻ പഠിക്കുകയും ചെയ്തതിനുശേഷം ഏകദേശം 36-ാം വയസ്സിൽ 1866 ഏപ്രിൽ 29 ന് അമൃതസറിൽ പാതിരി റോബർട്ട് ക്ലാർക്കിന്റെ കൈയിൽ ക്രിസ്ത്യാനി ആകുകയും ചെയ്തു. 'മോക്ഷം കരസ്ഥമാക്കുന്നതിനുവേണ്ടിമാത്രം താൻ ക്രിസ്ത്യാനിയായി' എന്നാണ് അയാളെഴുതിയത്. ക്രിസ്ത്യാനിയായതിനുശേഷം ഇസ്ലാമിന്റെ ബദ്ധശത്രുവാകുകയും നബി(സ)തിരുമേനിയെ ചീത്ത പറയുകയും വിശുദ്ധ ഖുർആന്റെമേൽ ആക്ഷേപം ഉന്നയിക്കുകയും ചെയ്യുക എന്നത് അയാളുടെ തൊഴിലായിത്തീർന്നു. അത്തരം വ്യക്തി മോക്ഷം ആഗ്രഹിക്കുന്നവനാകുമോ? പാതിരി ഇമാദുദ്ദീനെക്കുറിച്ച് താഴെ കാണുന്ന അഭിപ്രായങ്ങൾ വായിച്ചാലും.

ഒരു ക്രൈസ്തവ പത്രമായ "ശംസുൽ അഖ്ബാർ"ലഖനൗ(പ്രസാധകർ അമേരിക്കൻ മിഷൻ പ്രസ്സ് 1875 ഒക്ടോബർ 15, നമ്പർ 15, വാല്യം 7, പാതിരി ക്രയോൺ സാഹിബ്, പേജ് 9) എഴുതിയിരിക്കുന്നു: "നയാസ് നാമ" -ഇതിന്റെ രചയിതാവ് സ്വഫ്ദർ അലി സാഹിബ് ബഹാദുർ മസീഹി എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണർ സാഗർ ജില്ല രാജ്യം മധ്യ ഭാരതം-ഇമാദുദ്ദീന്റെ ഗ്രന്ഥങ്ങളെപ്പോലെ അസഹ്യപരമല്ല. ഇതിൽ അസഭ്യങ്ങളാണ് എഴുതിയിട്ടുള്ളത്. 1857 ലെ പോലെ ലഹള ഉണ്ടായാൽ അത് ഈ വ്യക്തിയുടെ ദുർഭാഷണങ്ങളും വങ്കത്തരങ്ങളും കൊണ്ടായിരിക്കുമുണ്ടാകുക. പുറത്ത് 15 രൂപയ്ക്കുപോലും ആർക്കും വേണ്ടാത്ത അദ്ദേഹത്തിന് 70 രൂപ മാസന്തോറും പിന്നെ ബംഗ്ലാവും ക്രിസ്ത്യൻ മിഷൻ നല്കി. ഇതിന്റെ മുറ്റത്ത് വേണമെങ്കിൽ എണ്ണയാട്ടുന്ന ചക്കും സ്ഥാപിക്കാവുന്നതാണ്. ഇത്തരം അത്യാഗ്രഹികളെ കുറിച്ച് എന്താണ് പറയേണ്ടത്?"(നൂറുൽഹഖ്, ഒന്നാം ഭാഗം, റൂഹാനീഖസാഇൻ വാല്യം 8, പേജ് 141)

സ്വഫ്ദ്ർ അലി ആഗ്രയിൽ താമസിക്കുന്ന കാലത്ത് ഇമാദുദ്ദീന്റെ സുഹൃത്തായിരുന്നു. ഇവിടെ ഇമാദുദ്ദീൻ തന്റെ മൂത്ത സഹോദരൻ മൗലവി കരീമുദ്ദീന്റെ മേൽനോട്ടത്തിൽ വിദ്യഭ്യാസം കരസ്ഥമാക്കി. 1857 നുശേഷം മൗലവി കരീമുദ്ദീൻ ലാഹോറിൽ വന്നപ്പോൾ ഇമാദുദ്ദീനും വന്നു. ഇവിടെ അയാൾക്ക് സ്വഫ്ദർ അലി ക്രിസ്ത്യാനിയായ വിവരം കിട്ടി. അതിനു കുറച്ചു കാലത്തിനുശേഷം ഇമാദുദ്ദീനും ക്രിസ്ത്യാനിയായി. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ധാരാളം പാതിരിമാർ അക്കാലത്ത് ബ്രിച്ചീഷ് ഇന്ത്യയിൽ എങ്ങനെയുള്ളവരായിരുന്നുവെന്നാൽ അവരുടെ രാവും പകലുമുള്ള ജോലി തന്നെ നമ്മുടെ സയ്യിദും മൗലായുമായ നബി(സ)തിരുമേനിയെ അസഭ്യം പറയുക എന്നതായിരുന്നു. ചീത്ത പറയുന്നവരിൽ ഒന്നാമൻ അവരിൽ പാതിരി ഇമാദുദ്ദീൻ അമൃതസരിയായിരുന്നു."(കിതാബുൽബരിയ്യ, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 120)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)അത്തരം പാതിരിമാർക്ക് തന്റെ ഗ്രന്ഥമായ നൂറുൽ ഹഖിൽ വിലപിടിച്ച അഭിപ്രായം നല്കി:

"സ്വന്തം നിത്യജീവിതം കഴിച്ചുകൂട്ടാൻ നിവൃത്തിയില്ലാത്ത ഈ പട്ടിണിപ്പാവങ്ങൾക്കും നഗ്നപാദരായ ആളുകൾക്കും അവരുടെ അശനപാനീയങ്ങൾക്കുള്ള ഏർപാടു ചെയ്യാൻ മുസ്ലിമീങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. ഭൗതികതയോടുള്ള അതിമോഹവും ധനത്തിനോടും നല്ല ഭക്ഷണത്തിനോടുമുള്ള അത്യാർത്തിയുംകൊണ്ട് അവർ ക്രിസ്ത്യൻ പള്ളികളിൽ ഒരുമിച്ചുകൂടി. തങ്ങൾ ഇസ്ലാമിൽനിന്ന് വേർപ്പെട്ടിരിക്കുന്നുവെന്ന് പ്രകടിപ്പിക്കുന്നതിനുവേണ്ടി പരിശുദ്ധന്മാരുടെ നേതാവായ നബി(സ)തിരുമേനിക്കെതിരിൽ ദൂഷ്യം പറയുകയും ചീത്ത പറയുകയും ചെയ്തു. തങ്ങളുടെ ഭൗതികേച്ഛ പൂർത്തിയാക്കാനാണ് അവർ ആഗ്രഹിച്ചത്. അവരിലെ വലിയ ആളുകൾ അവരെ ഒഴിച്ചുനിറുത്തി. ഇത്തരത്തിലുള്ള ദുർഭാഷണങ്ങളുടെ പാപങ്ങളിൽനിന്ന് അവരെ തടയാൻ ഒരു ഏർപാടും ചെയ്തില്ല. അവർക്ക് അവരുടെ സമൂഹത്തിന്റേയും ജോലിയുടേയും അടിസ്ഥാനത്തിൽ ഉചിതമായ ജോലിക്കുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എന്റെ അഭിപ്രായം. മരാശാരിമാർക്ക് ജോലി സംഘടിപ്പിച്ചു നല്കുക. നെയ്ത്തുകാർക്ക് പഞ്ഞി കടഞ്ഞെടുക്കാനുള്ള നല്ല ഉപകരണം നല്കുക. ക്ഷുരകന് കത്തി നല്കുക. ആട്ടുന്നവന് വലിയ ചക്കുനല്കുക. അങ്ങനെ എല്ലാവരും അവരവരുടെ ജോലിചെയ്യുന്നതിൽ വ്യാപൃതരാവട്ടെ. ഇതിന് അവർ അർഹരാണ്. ഇങ്ങനെ ഏർപാടു ചെയ്തുകൊടുത്താൽ നിരർഥസംസാരങ്ങളിൽനിന്നും പാപപരമായ കാര്യങ്ങളിൽനിന്നും അവർ പിന്മാറുന്നതായിരിക്കും."(തആറുഫെ കിതാബ് നൂറുൽ ഹഖ്, റൂഹാനീ ഖസാഇൻ വാല്യം 8, മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ്, പേജ് 7)

പാതിരി റോബർട്ട് ക്ലാർക്ക്- അയാളുടെ കൈയിലാണ് ഇമാദുദ്ദീൻ ജ്ഞാനസ്നാനം എടുത്തത് പാതിരി ഹെൻട്രി മാർട്ടിൻ ക്ലാർക്കിന്റെ പിതാവായിരുന്നു. അയാളാണ് പാതിരി അബ്ദുല്ലാഹ് ആഥിമിനും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ഇടയിൽ അമൃതസറിൽ വാദപ്രതിവാദം നടത്തിച്ചത്. പക്ഷേ, ഇദ്ദേഹം റോബർട്ട് ക്ലാർക്കിന്റെ നേരെ മകനായിരുന്നില്ല. പ്രത്യുത ദത്തെടുത്ത് വളർത്തിയതായിരുന്നു. ഇയാളുടെ മാതാപിതാക്കൾ അഫ്ഘാൻകാരാണ്. ഇമാദുദ്ദീന്റെ പൂർവികർ ഹാൻസി നഗരവാസികളായിരുന്നു. പിതാമഹൻ മൗലവി മുഹമ്മദ് ഫാളിൽ ഏതോ കാലത്ത് ഹാൻസി ഉപേക്ഷിച്ച് പാനിപ്പത്ത് നഗരത്തിൽ വന്നു താമസിച്ചതാണ്. ക്രിസ്ത്യാനി ആകുന്നതിനുമുമ്പേ ഒരു കാലത്ത് ഇമാദുദ്ദീൻ അജ്മീറിലെ ജാമിഅ മസ്ജിദിൽ ഇമാമും ആയിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)പറയുന്നു:

'പാതിരി ഇമാദുദ്ദീൻ സാഹിബ് ഒരു കാലത്ത് അജ്മീർ ശരീഫിലെ ജാമിഅ മസ്ജിദിൽ ഖത്വീബായിരുന്നു. ഇസ്ലാമിൽനിന്ന് പിന്മാറി ക്രിസ്ത്യാനിയായി. ഇസ്ലാമിന്നെതിരിൽ അയാളുടെ കോപം വർധിച്ച് പിന്നീടുള്ള മുഴുവൻ ജീവിതവും ഇസ്ലാമിന്നെതിരിൽത്തന്നെ പ്രവൃത്തിക്കുന്നതിന് വഖ്ഫ് ചെയ്തു.' (സവാനെ ഫള്ലെ ഉമർ വാല്യം 1 പേജ് 11)

താഴെ പാതിരി ഇമാദുദ്ദീന്റെ ആക്ഷേപവും അതിന് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയ മറുപടിയും എഴുതുകയാണ്. പാതിരി ഇമാദുദ്ദീൻ തന്റെ ഗ്രന്ഥമായ 'ഹിദായത്തുൽ മുസ്ലിമീനിൽ' ആക്ഷേപിച്ചു കൊണ്ടെഴുതി:

"ബിസ്മില്ലാഹിർറഹ്മാനിർറഹീമിൽ വന്നിട്ടുള്ള 'അർറഹ്മാനിർറഹീം' എന്നത് നല്ല ഭാഷാപ്രയോഗ രീതിയിലുള്ളതല്ല. 'റഹീമുർറഹീം' എന്നായിരുന്നെങ്കിൽ അത് നല്ല ഭാഷാപ്രയോഗവും ശരിയായ രീതിയിലുള്ളതുമാകുമായിരുന്നു. കാരണം ദൈവത്തിന്റെ നാമം 'റഹ്മാൻ' എന്നത് സാധാരണ രീതിയിലുള്ള കരുണയാകുന്നു. 'റഹീം' എന്ന പദം 'റഹ്മാൻ' എന്ന പദത്തെ അപേക്ഷിച്ച് പ്രത്യേകമായ കാരുണ്യത്തിനുവേണ്ടിയാണ് വരുന്നത്. സാഹിത്യപരമായിട്ടുള്ള കാര്യം എന്താണെന്നാൽ കുറവിൽനിന്ന് കൂടുതലിലേക്ക് മാറ്റപ്പെടുന്നുവെന്നതാണ്. അല്ലാതെ കൂടുതലിൽനിന്ന് കുറവിലേക്ക് മാറുക എന്നതല്ല."(ബറാഹീനെ അഹ്മദിയ്യാ റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 434, അടിക്കുറിപ്പ്)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതിനു മറുപടി നല്കിക്കൊണ്ട് പറഞ്ഞു:'വിശുദ്ധ ഖുർആന്റെ സാഹിത്യസമ്പുഷ്ടിയെ വലിയ വലിയ കവികൾ അടങ്ങുന്ന അറേബ്യയിലെ സകല ഭാഷാപണ്ഡിതന്മാരും അവർ വിരോധികളായിരുന്നിട്ടും അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതണ്. എന്നല്ല ആ ഗ്രന്ഥത്തിന്റെ മഹത്തായ പ്രൗഢി കണ്ട് അവർ അങ്ങേയറ്റം അത്ഭുതപ്പെട്ടു. അവരിൽ ഭൂരിഭാഗവും സാഹിത്യസമ്പുഷ്ടവും സാഹതീയസൗന്ദര്യമുള്ള ഗ്രന്ഥത്തിന്റെ ശൈലികൾ നല്ലവണ്ണം അറിയുന്നവരും തിരിച്ചറിയുന്നവരും നീതിമാന്മാരുമായിരുന്നു. അവർ ഖുർആനിക ശൈലിയെ മനുഷ്യശക്തിക്കതീതമായികണ്ട് അതൊരു മഹത്തായ മാനുഷിക സിദ്ധിയാണെന്ന് ദൃഢമായും വിശ്വസിച്ചുപോന്നിരുന്നു. അതിനുള്ള തെളിവ് വിശുദ്ധ ഖുർആനിൽ പലയിടത്തും രേഖപ്പെടുത്തിയിട്ടുണ്ട്. കഠിന വിരോധികളായവർക്കുപോലും-അവർ വിശ്വസിക്കാത്തവരായിരുന്നിട്ടും- വിസ്മയാവസ്ഥയിൽ ഇതൊരു ഇന്ദ്രജാലമാണെന്നും അതിനെ നേരിടാൻ കഴിയുകയില്ലെന്നും പറയേണ്ടിവന്നു.........ഇപ്പോൾ ആ അമാനുഷിക ഗ്രന്ഥത്തിനുമേൽ ആളുകൾ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങിയിരിക്കുന്നു. അവരിൽ ഒരാൾ അറബിയിൽ രണ്ടുവരിപോലും സാഹിത്യപരമായി എഴുതാൻ പാണ്ഡിത്യമില്ലാത്തയാളാണ്. അറബി അറിയുന്ന ആരെങ്കിലുമായി സംസാരിക്കാൻ ഇടവന്നാൽ വിക്കി വിക്കിയല്ലാതെ ഒഴുക്കോടെ സംസാരിക്കാൻ കഴിയില്ല. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ പരീക്ഷിച്ചു നോക്കിക്കൊള്ളുക. ....... ബുദ്ധിമാന്മാർ ചിന്തിക്കേണ്ടത് മാതൃഭാഷക്കാരനായ ഒരാളിൽ ഇറങ്ങിയ ഗ്രന്ഥം അതിന്റെ സാഹിത്യപരമായ കാര്യത്തിൽ ഭാഷാപണ്ഡിതന്മാർ ഒന്നടങ്കം എന്നല്ല 'സബ്അ് മുഅല്ലഖാത്തി'ന്റെ(കഅബാ മന്ദിരത്തിൽ കെട്ടിത്തൂക്കിയിരുന്ന പ്രസിദ്ധമായ ഏഴ് അറബി കവിതകൾ)കവികളും യോജിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അത്തരം അംഗീകൃതമായിട്ടുള്ള ഒരു ഗ്രന്ഥത്തെ ഏതെങ്കിലും അപ്രസിദ്ധനായ ഒരു അജ്ഞൻ ആക്ഷേപിച്ചാൽ -അയാൾ ഭാഷ അറിയാത്ത നിർഭാഗ്യനും അറബിഭാഷയുടെ അറിവുകളിൽനിന്ന് തികച്ചും നിർഭാഗ്യവാനും എന്നല്ല ഒരു സാധാരണക്കാരനായ അറബിയോടുപോലും സംസാരിക്കാൻ കഴിയാത്തവനുമാണ്-അയാളുടെ ആക്ഷേപം ആക്ഷേപാർഹമായി നിലനില്ക്കുമോ? അത്തരക്കാർ തങ്ങളുടെ നിലവിട്ട് സംസാരിക്കുന്നവരാണ്. സ്വയം തങ്ങളുടെ 'അത്ഭുതം' കാണിക്കുകയും ചെയ്യുന്നു. ഭാഷാപണ്ഡിതന്മാരുടെ തെളിവുകൾക്കെതിരിൽ, വലിയ വലിയ പ്രസിദ്ധരായ കവികളുടെ സാക്ഷ്യത്തിന്നെതിരിൽ എന്തെങ്കിലും വിമർശനം നടത്തുന്നത് യഥാർഥത്തിൽ തന്റെ അജ്ഞതയും വിവരക്കേടും കാണിക്കുക എന്നതാണ്. അയാൾക്കത് മനിസ്സിലാകുന്നില്ല. ഇമാദുദ്ദീൻ പാതിരി ഏതെങ്കിലും അറബിക്കെതിരിൽ ഭൗതികമോ ആത്മീയമോ ആയ വിഷയത്തിൽ ഒരു മണിക്കൂറോ അര മണിക്കൂറോ ഒന്ന് സംസാരിച്ച് നമ്മെ കാണിക്കട്ടെ. ഇയാൾക്ക് നേരെയുള്ളതും ശരിയായതുമായ അറബി അറിയാമെന്ന് മറ്റുള്ളവരിലും പരസ്യമാകുമല്ലോ! കാരണം അത് അയാൾക്ക് സാധിക്കുകയില്ലെന്ന് നമുക്ക് ദൃഢമായും അറിയാം. നാം ഏതെങ്കിലും അറബി അറിയുന്നയാളെ അയാളുടെ മുമ്പിൽ കൊണ്ടുവന്നാൽ അയാൾക്ക് അറബികളെപ്പോലെ ഒരു ചെറിയ കഥപോലും വിവരിക്കാൻ സാധിക്കുകയില്ല. അജ്ഞതയുടെ

(ശേഷം പേജ് 11ൽ)

## ഖുത്ബ ജുമുഅ

മുസ്അബ് ബിൻ ഉമയ്ർ(റ)ഹിജ്റത്തിനുമുമ്പേ യഥ്രിബിൽ ആദ്യത്തെ ഇസ്ലാമിക മുബല്ലിഗായി അയക്കപ്പെട്ട യുവാവായ പുണ്യാത്മാവായിരുന്നു. ഇദ്ദേഹം മുഖേന മദീനയിൽ ഇസ്ലാം പരന്നു.

**ഹിജ്റത്തിനുമുമ്പേ മദീനയിൽ ജുമുഅ നമസ്കരിപ്പിച്ച ആദ്യത്തെ വ്യക്തിയായിരുന്നു ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)**

നബി(സ)തിരുമേനി ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനെ ഓർമവരുമ്പോൾ പറയാറുണ്ടായിരുന്നു, 'മുസ്അബ് ബിൻ ഉമയ്റിനെക്കാൾ കൂടുതൽ സുന്ദരനും ഭംഗിയുള്ളവനും ലാളനയിലും അനുഗ്രഹത്തിലും ഐശ്വര്യത്തിലും വളർന്നവനുമായ ഒരാളേയും ഞാൻ കണ്ടിട്ടില്ല.'

**ഭംഗിയുള്ളവനും സുന്ദരനും തന്റെ കുടുംബത്തിൽ ഏറ്റവും പ്രിയപ്പെട്ടവനായി മനസ്സിലാക്കപ്പെട്ട ആളും ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപവുമായ ബദ്രി സ്വഹാബി ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ (റ)ന്റെ അനുഗൃഹീതമായ ജീവിതത്തിന്റെ ചർച്ച**

ഔസ് ഗോത്രത്തിന്റെ നേതാക്കളായ സഅ്ദ് ബിൻ മുആദ്, ഉസയ്ദ് ബിൻ അൽഹുളയ്ർ (റളിയല്ലാഹു അൻഹുമാ)എന്നിവരുടെ വിശ്വാസത്തിന്റെ വിവരണം

ജമാഅത്തിന്റെ അനുസരണ ശാലിയും വഖ്ഫിന്റെ കടമ നിറവേറ്റിയവരുമായ നായിബ് നാളിർ ളിയാഫത്ത് മലിക് മുനവ്വർ അഹ്മദ് ജാവേദ് സാഹിബിന്റേയും അധ്വാനത്തോടും ആത്മാർഥതയോടും കൂറോടുംകൂടി ദീനീ സേവനത്തിന് തൗഫീഖ് കിട്ടിയ പ്രൊഫസർ മുനവ്വർ ശമീം ഖാലിദ് സാഹിബിന്റേയും വഫാത്തും പരേതാത്മക്കളെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 ഫെബ്രുവരി 28/1399 സ്വുൽഹ് 28,**
**മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്,ടിൽഫോർഡ് (സർറെ) യു,കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ എന്നാണ്. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ ബന്ധം ഖുറയ്ശികളുടെ ഗോത്രമായ ബനൂ അബ്ദിദ്ദാറുമായിട്ടായിരുന്നു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നായിരുന്നു. ഇതിനു പുറമെ അദ്ദേഹത്തിന്റെ സംജ്ഞാനമം അബൂ മുഹമ്മദ് എ ന്നും വിവരിക്കപ്പെടുന്നുണ്ട്. ഹദ്റത്ത് മുസ്അബ് ബിൻ ഉമയറിന്റെ പിതാവിന്റെ പേര് ഉമയ്ർ ബിൻ ഹാശിം എന്നും മാതാവിന്റെ പേര് ഖനാസ് അല്ലെങ്കിൽ ഹനാസ് ബിൻ മാലിക് എന്നുമായിരുന്നു. അവർ മക്കയിലെ വളരെ സമ്പന്നയായിരുന്നു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയറിന്റെ മാതാപിതാക്കൾ അദ്ദേഹത്തെ അതിരറ്റ് സ്നേഹിച്ചിരുന്നു. മാതാവ് അദ്ദേഹത്തെ അങ്ങേയറ്റം ലാളിച്ചും അനുഗ്രഹത്തോടും കൂടിയാണ് വളർത്തിയത്. അവർ അദ്ദേഹത്തെ മേൽത്തരം വസ്ത്രങ്ങളും വിലപിടിപ്പുള്ള ഉടുപ്പുകളും അണിയിച്ചിരുന്നു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയർ(റ) മക്കയിലെ ഏറ്റവും മുന്തിയ സുഗന്ധദ്രവ്യങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഹള്റ മൗത്ത് എന്ന പ്രദേശത്ത് ധനികർക്കായി മാത്രം നിർമിച്ചിരുന്ന ഹള്റമീ ചെരുപ്പുകൾ അവിടന്ന് വരുത്തിച്ചാണ് അദ്ദേഹം ധരിച്ചിരുന്നത്. ഹള്റമൗത്ത് എന്ന സ്ഥലം ഏദനിൽനിന്ന് കിഴക്കുഭാഗത്തായി സമുദ്രത്തിന്നടുത്തുള്ള വിശാലമായൊരു പ്രദേശമാണ്. എന്തായാലും മുന്തിയതരം വസ്ത്രങ്ങളും മുന്തിയതരം സുഗന്ധദ്രവ്യങ്ങളും ചെരുപ്പുകൾപോലും വെളിയിൽനിന്ന് വരുത്തിച്ചാണ് ഉപയോഗിച്ചിരുന്നത്.

ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ ഭാര്യയുടെ പേര് ഹംന ബിൻത് ജഹശ് എന്നായിരുന്നു. അവർ നബി(സ)തിരുമേനിയുടെ പരിശുദ്ധ പത്നിയും മുഅ്മിനീങ്ങളുടെ മാതാവുമായ ഹദ്റത്ത് സയ്നബ് ബിൻത് ജഹശിന്റെ സഹോദരിയായിരുന്നു. ഹംന ബിൻത് ജഹ്ശിൽനിന്ന് അദ്ദേഹത്തിന് ഒരു മകൾ ജനിച്ചു; സയ്നബ്. നബി(സ)തിരുമേനി ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനെ ഓർമവരുമ്പോൾ പറയാറുണ്ടായിരുന്നു, 'മുസ്അബ് ബിൻ ഉമയ്റിനെക്കാൾ കൂടുതൽ സുന്ദരനും ഭംഗിയുള്ളവനും ലാളനയിലും അനുഗ്രഹത്തിലും ഐശ്വര്യത്തിലും വളർന്നവനുമായ ഒരാളേയും ഞാൻ കണ്ടിട്ടില്ല.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 85–86, മുസ്അബ് ബിൻ ഉമയർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 175, മുസ്അബ് ബിൻ ഉമയർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)(സയ്റുസ്സ്വഹാബ, ശാഹ് മുയീനുദ്ദീൻ അഹ് മജദ് നദ്വി, വാള്യം 2, മുഹാജിരീൻ ഭാഗം 1, പേജ് 270,275, ദാറുൽ ഇശാഅത്ത് ഉർദു ബാസാർ കറാച്ചി, 2004)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 7, പേജ് 71, ഹംന ബിൻത് ജഹശ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)(മുഅ്ജമുൽ ബുൽദാൻ വാള്യം 2, പേജ് 157, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത്)

ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ ജലീലുൽഖദ്ർ സ്വഹാബാക്കളിൽപ്പെട്ടയാളാണ്. പ്രാരംഭ കാലത്ത് ഇസ്ലാം സ്വീകരിച്ച ആദ്യകാല മഹാത്മാക്കളിൽ ഉൾപ്പെടുന്നു. നബി(സ)തിരുമേനി ദാറുഅർഖമിൽ തബ്ലീഗ് ചെയ്യാറുണ്ടായിരുന്നു. ആ കാലത്താണ് അദ്ദേഹം ഇസ്ലാം സ്വീകരിച്ചത്.

എന്നാൽ, തന്റെ മാതാവിന്റെയും തന്റെ സമൂഹത്തിന്റെയും എതിർപ്പ് ഭയന്ന് അതു രഹസ്യമാക്കിവെച്ചു. ഹദ്റത്ത് മുസ്അബ്(റ)രഹസ്യമായി നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജറായിക്കൊണ്ടിരുന്നു. ഒരിക്കൽ ഉഥ്മാൻ ബിൻ ത്വൽഹ അദ്ദേഹം നമസ്കരിക്കുന്നത് കണ്ടു. ഉടൻ അദ്ദേഹത്തിന്റെ വീട്ടുകാരേയും മാതാവിനേയും ആ വിവരം അറിയിച്ചു. മതാപിതാക്കൾ അദ്ദേഹത്തെ തടവിലാക്കി. ഹിജ്റത്ത്ചെയ്ത് ഹബ്ശയിൽ പോകുന്നതുവരെ അദ്ദേഹം തടവിൽത്തന്നെ കഴിഞ്ഞു. അദ്ദേഹത്തിന് അവസരം കിട്ടി. വെളിയിൽ വന്നു. പിന്നീട് ഹിജ്റത്ത് ചെയ്തു. കുറച്ചു കാലത്തിനുശേഷം ഹബ്ശയിൽനിന്നു മക്കയിലേക്കു തിരിച്ചുവന്ന മുഹാജിറുകളോടൊപ്പം ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പരിതാപകരമായ അവസ്ഥ കണ്ടുകൊണ്ട് മാതാവ് പിന്നീട് എതിർപ് ഉപേക്ഷിക്കുകയും മകനെ അവന്റെ താൽപര്യത്തിന് വിടുകയും ചെയ്തു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനു രണ്ട് ഹിജ്റത്തു ചെയ്യുവാനുള്ള ഭാഗ്യം സിദ്ധിച്ചു; ആദ്യം ഹബ്ശയിലേക്കും പിന്നീട് മദീനയിലേക്കും. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 86, മുസ്അബ് ബിൻ ഉമയർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 175, മുസ്അബ് ബിൻ ഉമയർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)

ഹദ്റത്ത് സഅ്ദ് ബിൻ വഖാസ് നിവേദനം ചെയ്യുന്നു: 'ഞാൻ ഹദ്റത്ത് മുസ്അബ് ബിൻ ഉമയറിനെ ഐശ്വര്യത്തിന്റെ കാലത്തും അതുപോലെ മുസ്ലിമായതിനുശേഷവും കണ്ടിട്ടുണ്ട്. ഇസ്ലാമിനുവേണ്ടി അദ്ദേഹം എത്രമാത്രം പ്രയാസം സഹിച്ചിരുന്നുവെന്നാൽ, പാമ്പിന്റെ പടം പൊഴിഞ്ഞ് അതിനുമേൽ പുതിയ തൊലി വരുന്നതുപോലെ അദ്ദേഹത്തിന്റെ തൊലി ഉരിയുന്നതായി ഞാൻ കണ്ടിട്ടുണ്ട്.' (അസ്സീറത്തുന്നബവിയ്യ ലിഇബ്നി ഇസ്ഹാഖ്, പേജ് 230, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2004) ത്യാഗത്തിന്റെ വിസ്മയകരമായ നിലവാരങ്ങളായിരുന്നു ഇത്.

മദീനയിൽ വെച്ച് ഒരു ദിവസം നബി(സ)തിരുമേനി സ്വഹാബാക്കളുടെ അടുത്ത് ഇരിക്കുമ്പോൾ ഹദ്റത്ത് മുസ്അബ് ബിൻ ഉമയർ(റ) വന്നു. ആ നേരത്ത് ഹദ്റത്ത് മുസ്അബ് ബിൻ ഉമയർ(റ)ന്റെ വസ്ത്രത്തിൽ തോൽക്കഷണങ്ങൾ കണ്ടം വെച്ചിരിക്കുന്നതായി കണ്ടു. ഇസ്ലാം സ്വീകരിക്കുന്നതിനു മുമ്പേ ധരിച്ചിരുന്ന ആ മുന്തിയതരം വസ്ത്രങ്ങളെവിടെ! മുസ്ലിം ആയതിനുശേഷം ഇപ്പോഴത്തെ ഈ അവസ്ഥ എവിടെ! വസ്ത്രത്തിൽ കണ്ടം വെച്ചുതുന്നിയിരിക്കുന്നു. സ്വഹാബത്ത് ഹദ്റത്ത് മുസ്അബ് ബിൻ ഉമയർ(റ)നെ നോക്കി തലകുനിച്ചു; അവരും അദ്ദേഹത്തെ സഹായിക്കുന്നതിൽ നിസഹായരായിരുന്നു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയർ(റ) വന്ന് സലാം പറഞ്ഞു. നബി(സ)തിരുമേനി സലാം മടക്കി. അദ്ദേഹത്തെ നല്ലവണ്ണം പ്രശംസിച്ചു. തുടർന്ന് അവിടന്ന് പറഞ്ഞു: 'അൽഹംദുലില്ലാഹ്! ലൗകികർക്ക് അവരുടെ ലോകം ലഭിക്കേണ്ടതുണ്ട്. ഞാൻ മുസ്അബിനെ എപ്രകാരം കണ്ടിരുന്നുവെന്നാൽ മക്കാ പട്ടണത്തിൽ അദ്ദേഹത്തേക്കാൾ ഐശ്വര്യവും സമൃദ്ധിയുമുള്ള മറ്റാരും തന്നെ ഉണ്ടായിരുന്നില്ല. അദ്ദേഹം തന്റെ മാതാപിതാക്കൾക്ക് വളരെ പ്രിയങ്കരനായ മകനായിരുന്നു. എന്നാൽ, അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള സ്നേഹം അദ്ദേഹത്തെ ഇന്ന് ഈ അവസ്ഥയിലെത്തിച്ചു. അല്ലാഹുവിനും അവന്റെ തൃപ്തിക്കും വേണ്ടി അദ്ദേഹം എല്ലാം തന്നെ ഉപേക്ഷിച്ചു.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 86, മുസ്അബ് ബിൻ ഉമയർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)

ഹദ്റത്ത് അലി(റ)നിവേദനം: 'ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പം മസ്ജിദിൽ ഇരിക്കുകയായിരുന്നു; ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ അവിടേക്കു വന്നു. അദ്ദേഹത്തിന്റെ ദേഹത്ത് തോൽകൊണ്ടു കണ്ടംവെച്ച് തുന്നിയ ഒരു പുതപ്പുണ്ടായിരുന്നു. അത് നബി(സ)തിരുമേനി കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഐശ്വര്യപൂർണവും അനുഗൃഹീതവുമായ മുൻകാല ജീവിതമോർക്കുകയും ഇപ്പോഴുള്ള അവസ്ഥ കണ്ടും കരയാൻ തുടങ്ങി. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളിൽനിന്നുള്ള ഒരാൾ ഒരുജോഡി വസ്ത്രംകൊണ്ട് നേരം വെളുപ്പിക്കുകയും ഒരു ജോഡി വസ്ത്രംകൊണ്ട് വൈകുന്നേരം ആക്കുകയും ചെയ്യുന്ന നേരത്ത് നിങ്ങളുടെ അവസ്ഥ എന്തായിരിക്കും? അതായത് രാവിലേയും വൈകുന്നേരവും വസ്ത്രം മാറ്റിക്കൊണ്ടിരിക്കുംവിധം നിങ്ങൾക്ക് ധനസമൃദ്ധി ഉണ്ടാകുന്നതായിരിക്കും.' തുടർന്ന് പറഞ്ഞു: 'ഒരാളുടെ മുന്നിൽ ഒരു പാത്രം ആഹാരം വെക്കുമ്പോൾ മറ്റൊന്നു എടുത്തുമാറ്റപ്പെടുന്നതായിരിക്കും. അതായത് ഭക്ഷണവും വിവിധ തരത്തിലുള്ളതായിരിക്കും. ഇന്നത്തെ സമ്പ്രദായംപോലെ വിവിധ ഭക്ഷണത്തളികകൾ മുന്നിൽ വന്നുകൊണ്ടിരിക്കുന്നതാണ്. കഅ്ബയുടെ മുകളിൽ കില്ല വിരിക്കുന്നതുപോലെ നിങ്ങൾ നിങ്ങളുടെ വീടുകളിലും വിരിക്കുന്നതാണ്. അതായത് വലിയ വിലപിടിച്ച വിരിപ്പുകളാണ് ഉപയോഗിക്കപ്പെടുക. ഇത് തികച്ചും ഇക്കാലത്തെ ദൃശ്യങ്ങളാണ്. അല്ലെങ്കിൽ മുസ്ലിമീങ്ങൾക്ക് പിന്നീട് ഐശ്വര്യങ്ങൾ കിട്ടിയപ്പോഴുള്ള ദൃശ്യങ്ങളാണ്. സ്വഹാബാക്കൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ ആ സമയത്ത് ഇന്നത്തെക്കാൾ നല്ല അവസ്ഥയിലായിരിക്കുമോ? ആരാധനകൾ അനുഷ്ഠിക്കുന്നതിൽനിന്ന് തികച്ചും ഒഴിവാകുന്ന അവസ്ഥകളായിരിക്കുമോ? പിന്നെ അധ്വാനത്തിൽനിന്നും കഠിനപരിശ്രമത്തിൽനിന്നും രക്ഷപ്പെടുമല്ലേ? അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഇല്ല. പ്രത്യുത നിങ്ങൾക്ക് ഇന്നത്തെ ദിവസം ആ ദിവസങ്ങളെക്കാൾ ഉത്തമമാകുന്നതാണ്. (സുനനുത്തിർമുദി, അബ്വാബു സ്വിഫത്തിൽ ഖിയമത്തി, ഹദീഥ് 2476) ഇപ്പോഴുള്ള നിങ്ങളുടെ അവസ്ഥകളും നിങ്ങളുടെ ആരാധനകളും നിങ്ങളുടെ നിലവാരവും പിന്നീടുള്ളവർക്ക് കൈവരുന്ന സമൃദ്ധിയുടെ ആ ദിവസങ്ങളേക്കാൾ ഉത്തമമായിരിക്കും.

സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഹബ്ശ ഹിജ്റത്തിനെ കുറിച്ച് എഴുതുന്നു: 'ഇതിൽ കുറച്ചു ഞാൻ മുമ്പേ, മറ്റു സ്വഹാബത്തിനെ കുറിച്ച് പറഞ്ഞപ്പോൾ വിവരിച്ചു കഴിഞ്ഞതാണ്. ചുരുക്കി ഇവിടേയും പറയാം. നബി(സ)തിരുമേനി പറഞ്ഞതനുസരിച്ച് നബ് വി 5 റജബ് മാസത്തിൽ 11 പുരുഷന്മാരും 4 സ്ത്രീകളും ഹബ്ശയിലേക്ക് ഹിജ്റ ചെയ്തു. അവരിൽ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റും(റ) ഉണ്ടായിരുന്നു. അവിടെന്നെഴുതുന്നു: ഈ പ്രാരംഭകാല മുഹാജിരീങ്ങളിൽ കൂടുതൽപേരും ഖുറയ്ശികളിലെ ശക്തരായ ഗോത്രങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നു എന്നതാണ് അത്ഭുതകരമായ കാര്യം. ദുർബലരായവരെ കുറച്ചേ കാണുന്നുള്ള. ഇതിൽനിന്ന് രണ്ടു കാര്യങ്ങളാണ് അറിയാൻ കഴിയുന്നത്. ഇതിൽനിന്ന് ഒന്നാമതായി മനസ്സിലാകുന്നത് ശക്തരായ ഗോത്രങ്ങളുമായി ബന്ധമുള്ളവരും ഖുറയ്ശികളുടെ ദ്രോഹങ്ങളിൽനിന്ന് സുരക്ഷിതരായിരുന്നില്ല എന്നാണ്. രണ്ടാമത്തേത് ദുർബലജനം ഉദാഹരണത്തിന്ന് അടിമ തുടങ്ങിയവർ ആ നേരത്ത് എത്രമാത്രം ദുർബലരായിരുന്നുവെന്നാൽ ഹിജ്റത്ത് ചെയ്യാനുള്ള കഴിവും അവർക്കുണ്ടായിരുന്നില്ല. എന്തായാലും മക്കയിലെ ഖുറയ്ശികൾ അവരുടെ ഹിജ്റത്തിനെ കുറിച്ചറിഞ്ഞപ്പോൾ അവർ കോപാന്ധരായി. ഈ ഇരകൾ തങ്ങളുടെ കൈയിൽനിന്ന് നിഷ്പ്രയാസം രക്ഷപ്പെട്ടുപോയിരിക്കുന്നു. അങ്ങനെ അവർ ആ മുഹാജിരീങ്ങളെ പിന്തുടർന്നു. എന്നാൽ, അവരുടെ ആളുകൾ കടൽത്തീരത്തെത്തിയപ്പോൾ കപ്പൽ പുറപ്പെട്ടു കഴിഞ്ഞിരുന്നു. അവർ പരാജിതരായി മടങ്ങി. ഹബ്ശയിലെത്തിയപ്പോൾ മുസ്ലിമീങ്ങൾക്ക് അങ്ങേയറ്റം സമാധാനപരമായ ജീവിതം കിട്ടി. അല്ലാഹു അല്ലാഹു എന്നു പറഞ്ഞ് ഖുറയ്ശികളുടെ ദ്രോഹപ്രവൃത്തികളിൽനിന്ന് വിടുതൽ കിട്ടി.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ് (റ)എം.എ. പേജ് 146–147)

ഒന്നാം അഖ്ബ ബയ്അത്തിന്റെ അവസരത്തിൽ മദീനയിൽനിന്ന് വന്ന 12 പേർ നബി(സ) തിരുമേനി യുടെ കൈയിൽ ബയ്അത്ത് ചെയ്തു. അങ്ങനെ അവർ മദീനയിലേക്ക് മടങ്ങാൻ ഒരുങ്ങിയപ്പോൾ ഖുർആൻ പഠിപ്പിക്കുന്നതിനും അതുപോലെ ഇസ്ലാമിക അധ്യാപനങ്ങൾ നല്കുന്നതിനുംവേണ്ടി ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനെ അവരോടൊപ്പം നബി(സ)തിരുമേനി അയച്ചു. മദീനയിൽ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)ഖാരി, മുക്രി, ഉസ്താദ് എന്നീ പേരുകളിൽ പ്രസിദ്ധനായി. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 175–176, മുസ്അബ് ബിൻ ഉമയ്ർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)അൽഇസ്തീയാബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാള്യം 4, പേജ് 37, മുസ്അബ് ബിൻ ഉമയ്ർ,ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2010)(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 199, മുസ്അബ് ബിൻ ഉമയ്ർ മഅ വഫദുൽഅഖബ, ദാറു ഇബ്നു ഹസം ബേറൂത്ത് ലബ്നാൻ 2009)

അദ്ദേഹം മുക്രി അതായത് ഉസ്താദ് എന്ന പേരിൽ പ്രശസ്തനായി. മറ്റൊരു നിവേദനമനുസരിച്ച് ഔസിലേയും ഖദ്റജിലേയും അൻസ്വാർ നബി(സ)തിരുമേനിയോടു പറഞ്ഞു, ഞങ്ങളെ ഖുർആൻ പഠിപ്പിക്കുന്നതിനുവേണ്ടി ആരെയെങ്കിലും അയച്ചുതന്നാലും.അപ്പോൾ നബി(സ) തിരുമേനി, ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനെ അയച്ചു.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 1, പേജ് 171, ബാബു ദിക്റു അൽഅഖബ അൽഊലാ അൽ ഇഥ്നാ അശ്ർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)

മദീനയിൽ ഹദ്റത്ത് അസ്അദ് ബിൻ സുറാറയുടെ ഭവനത്തിലാണ് ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ) താമസിച്ചത്. അദ്ദേഹം നമസ്ക്കാരങ്ങളിൽ ഇമാമത്തിന്റെ നിർബന്ധകടമയും നിർവഹിച്ചു പോന്നു.(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 199, മുസ്അബ് ബിൻ ഉമയ്ർ മഅ വഫദുൽഅഖബ, ദാറു ഇബ്നു ഹസം ബേറൂത്ത് 2009)

ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ) ഒരു നീണ്ടകാലം അസ്അദ് ബിൻ സുറാറയുടെ വീട്ടിൽ താമസിച്ചു. പക്ഷേ, പിന്നീട് അദ്ദേഹം ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ വീട്ടിലേക്ക് താമസം മാറുകയുണ്ടായി. (സയ്റുസ്സ്വഹാബ, ശാഹ് മുയീനുദ്ദീൻ അഹ്മദ് നദ്വി, വാള്യം 2, മുഹാജിരീൻ ഭാഗം 1, പേജ് 272, ദാറുൽഇശാഅത്ത് ഉർദു ബസാർ കറാച്ചി, 2004)

ഹദ്റത്ത് ബറാഅ് ബിൻ ആസിബ് നിവേദനം: 'നബി(സ)തിരുമേനിയുടെ മുഹാജിറുകളായ സ്വഹാബാക്കളിൽവച്ച് ഏറ്റവും ആദ്യം ഞങ്ങളുടെ അടുക്കൽ മദീനയിൽ എത്തിചേർന്നത് മുസ്അബ് ബിൻ ഉമയ്റും ഇബ്നു ഉമ്മു മക്തൂമും ആയിരുന്നു. മദീനയിൽ എത്തിയശേഷം ആ രണ്ട് സ്വഹാബിമാരും ഞങ്ങളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ തുടങ്ങി. പിന്നീട് അമ്മാർ(റ), ബിലാൽ(റ) സഅ്ദ് (റ), ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)തുടങ്ങിയവരും സ്വഹാബത്തിനേയും കൊണ്ടുവന്നു. അതിനുശേഷം നബി(സ)തിരുമേനി വന്നു. മദീനക്കാർ നബി(സ)തിരുമേനി ആഗതനായപ്പോൾ സന്തോഷിച്ചതുപോലെ സന്തോഷിക്കുന്നതു ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അല്ലാഹുവിന്റെ റസൂലാണ് തങ്ങളുടെ അടുത്ത് വന്നിട്ടുള്ളതെന്ന് കുട്ടികൾ

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

പോലും പറയുന്നുണ്ടായിരുന്നു. (സ്വഹീഹുൽ ബുഖാരി കിതാബുത്തഫ്സീറുൽഖുർആൻ, ബാബു സൂറത്തുൽ അഅ്‌ലാ, ഹദീഥ് 4941)

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റി(റ)നെ കുറിച്ച്, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിച്ചിട്ടുണ്ട്: ദാറുഅർഖമിൽ ഈമാൻകൈക്കൊണ്ട മുൻനിരക്കാരായ വ്യക്തികളിൽ അദ്ദേഹവും ഉൾപ്പെടുന്നു. അവരിൽ വളരെ പ്രശസ്തൻ ഇദ്ദേഹമായിരുന്നു. ഇദ്ദേഹം സുമുഖനും സുന്ദരനുമായിരുന്നു. തന്റെ കുടുംബത്തിൽ ആദരണീയനും പ്രിയങ്കരനുമായിരുന്നു. ഈ യുവാവായ സ്വഹാബിയാണ് മദീനയിലേക്ക് ആദ്യത്തെ ഇസ്‌ലാമിക മുബല്ലിഗ് ആയി അയക്കപ്പെട്ടത്. അദ്ദേഹം മുഖേനയാണ് മദീനയിൽ ഇസ്‌ലാം വ്യാപിച്ചത്.'(സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ. പേജ് 129)

പിന്നെ ഒരു ജീവചരിത്രഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു: ഹിജ്റത്തിനു മുമ്പേ മദീനയിൽ ജമുഅ നമസ്കരിപ്പിച്ച വ്യക്തിയായിരുന്നു ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ). ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)രണ്ടാം അഖബ ബയ്അത്തിനുമുമ്പേ നബി(സ)തിരുമേനിയോടു മദീനയിൽ ജുമുഅ നമസ്കാരത്തിന് അനുവാദം ചോദിച്ചിരുന്നു. നബി(സ)തിരുമേനി അനുവാദം നല്കുകയും ചെയ്തു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ) മദീനയിൽ ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ ഭവനത്തിൽ ആദ്യമായി ജുമുഅ നമസ്കരിപ്പിച്ചു. അതിൽ മദീനയിലെ 12 പേർ പങ്കെടുത്തിരുന്നു. ആ അവസരത്തിൽ അദ്ദേഹം ഒരു ആടിനെ അറുത്തു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)ഇസ്‌ലാമിൽ ജമുഅ നമസ്കരിപ്പിച്ച ആദ്യത്തെ വ്യക്തിയായിരുന്നു. പക്ഷേ, മറ്റൊരു നിവേദനവുമുണ്ട്. അതനുസരിച്ച് ഹദ്റത്ത് അബൂ ഉമാമ അസ്അദ് ബിൻ സുറാറയാണ് മദീനയിൽ ആദ്യമായി ജുമുഅ നമസ്കരിപ്പിച്ചത്.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 87–88, മുസ്അബ് ബിൻ ഉമയ്ർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990) (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 1, പേജ് 171, ബാബു ദിക്റു അൽഅഖബ അൽ ഊലാ അൽ ഇഥ്നാ അശ്ർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)

എന്തായാലും ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ) ആയിരുന്നു ആദ്യത്തെ മുബല്ലിഗ്. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)ഹദ്റത്ത് അസ്അദ് ബിൻ സുറാറയെ കൂടെകൂട്ടി അൻസ്വാറിന്റെ വിവിധ മഹല്ലുകളിൽ പ്രബോധനത്തിന് പോകാറുണ്ടായിരുന്നു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)ന്റെ പ്രബോധനംകൊണ്ട് നിരവധി സ്വഹാബ മുസ്‌ലിമീങ്ങളായി. അവരിൽ വലിയ സ്വഹാബാക്കൾ ഉദാഹരണത്തിന് ഹദ്റത്ത് സഅ്ദ് ബിൻ മുആദ്, ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ, ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ, ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ തുടങ്ങിയവർ ഉൾപ്പെടുന്നു.(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം, പേജ് 200, ബാബ് അവ്വൽ, ദാറു ഇബ്നു ഹസം ബേറൂത്ത് 2009)(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 321, 326, 338, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)

ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)റിന്റെ പ്രബോധനപ്രവർത്തനവും പരിശ്രമവും സ്മരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇങ്ങനെ വിവരിക്കുന്നു: മക്കയിൽനിന്ന് തിരിച്ചുപോകുമ്പോൾ തങ്ങൾക്ക് ഇസ്‌ലാമികാധ്യാപനങ്ങൾ പഠിപ്പിക്കുന്നതിനും തങ്ങളുടെ അന്യാരാധകരായ സഹോദരങ്ങളെ തബ്‌ലീഗ് ചെയ്യുന്നതിനും ഏതെങ്കിലും ഇസ്‌ലാമിക അധ്യാപകനെ തങ്ങളോടൊപ്പം അയക്കണമെന്ന് ആ 12 മുസ്‌ലിമീങ്ങൾ അപേക്ഷിച്ചു. നബി(സ)തിരുമേനി, അബ്ദുദ്ദാർ ഗോത്രത്തിലെ അങ്ങേയറ്റം ആത്മാർഥനും യുവാവുമായ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)നെ അവരോടൊപ്പം യാത്രയാക്കി. ഇസ്‌ലാമിക മുബല്ലിഗിനെ അക്കാലത്ത് ഖാരിയെന്നോ മുക്രിയെന്നോ ആണ് പറഞ്ഞിരുന്നത്. കാരണം അവരുടെ ജോലി അധികവും വിശുദ്ധ ഖുർആൻ കേൾപ്പിക്കുക എന്നതായിരുന്നു. എന്തുകൊണ്ടെന്നാൽ അതു തന്നെയായിരുന്നു ഇസ്‌ലാമിക പ്രബോധനത്തിന്റെ ഉത്തമ മാർഗം. അങ്ങനെ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)ഉം യഥ്‌രിബിൽ(മദീനയിൽ) മുക്രി എന്ന പേരിൽ പ്രശസ്തനായി. ഹദ്റത്ത് മുസ്അബ് മദീനയിലെത്തി അസ്അദ് ബിൻ സുറാറയുടെ വീട്ടിൽ താമസിച്ചു. അദ്ദേഹം മദീനയിലെ ഏറ്റവും ആദ്യത്തെ മുസ്‌ലിമായിരുന്നു. അല്ലെങ്കിൽത്തന്നെയും അങ്ങേയറ്റം ആത്മാർഥനും സ്വാധീനശക്തിയുള്ള പുണ്യാത്മാവുമായിരുന്നു. ആ വീടിനെ തന്റെ പ്രബോധന കേന്ദ്രമാക്കി. തന്റെ നിർബന്ധമായ കാര്യങ്ങൾ നിർവഹിക്കുന്നതിൽ സദാ വ്യാപൃതനായി. മദീനയിൽ മുസ്‌ലിമീങ്ങൾക്ക് സംഘടിത ജീവിതം ലഭ്യമായിരുന്നു. അതും മറ്റുള്ളവരെ അപേക്ഷിച്ച് സമാധാനപരമായ ജീവിതം! അതുകൊണ്ട് അസ്അദ് ബിൻ സുറാറയുടെ പദ്ധതിയനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)ന് ജുമാ നമസ്കരിപ്പിക്കാൻ നിർദേശം നല്കി. ഇങ്ങനെ മുസ്‌ലിമീങ്ങളുടെ സംഘടിതജീവിതത്തിന് തുടക്കം കുറിച്ചു. അല്ലാഹുവിന്റെ ഫള്ൽ എങ്ങനെ ഉണ്ടായിയെന്നാൽ കുറച്ചു കാലംകൊണ്ട് മദീനയിൽ വീടുകൾതോറും ഇസ്‌ലാമിനെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങി. ഔസ്, ഖസ്റജ് ഗോത്രങ്ങൾ വലിയ ആവേശത്തോടെ മുസ്‌ലിമീങ്ങളാകാൻ തുടങ്ങി. ചില സന്ദർഭങ്ങളിൽ ഒരു ഗോത്രത്തിലെ മുഴുവൻപേരും ഒറ്റ ദിവസം കൊണ്ടുതന്നെ മുസ്‌ലിമീങ്ങളായി മാറി. ഇപ്രകാരം ബനൂ അബ്ദുൽ അശ്ഹലിന്റെ ഗോത്രവും ഒന്നടങ്കം മുസ്‌ലിമീങ്ങളായി! ഈ ഗോത്രം അൻസ്വാറിന്റെ പ്രശസ്ത ഗോത്രമായ ഔസിന്റെ ഒരു മെച്ചപ്പെട്ട ഭാഗമായിരുന്നു. അതിന്റെ റഈസിന്റെ പേര് ഹദ്റത്ത് സഅ്ദ് ബിൻ മുആദ് എന്നായിരുന്നു. അദ്ദേഹം ബനൂ അബ്ദിൽ അശ്ഹലിന്റെ മാത്രം വലിയ നേതാവായിരുന്നില്ല. മറിച്ച് ഔസ് ഗോത്രത്തിന്റെ മൊത്തത്തിലുള്ള നേതാവും കൂടിയായിരുന്നു. അങ്ങനെ ഇസ്‌ലാമിനെ കുറിച്ച് മദീനയിൽ ചർച്ച ആരംഭിച്ചപ്പോൾ സഅ്ദ് ബിൻ മുആദിന് അത് അത്ര ഇഷ്ടപ്പെട്ടില്ല. അദ്ദേഹം അതിനെ തടയാൻ ആഗ്രഹിച്ചു.' ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ ഹദ്റത്ത് സഅ്ദ് ബിൻ മുആദ് വലിയ എതിരാളിയായിരുന്നു. എന്നാൽ, അസ്അദ് ബിൻ സുറാറയോടു അദ്ദേഹത്തിന് വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. അതായത് അവർ പരസ്പരം മാതൃസഹോദരി പുത്രന്മാരായിരുന്നു. അസ്അദ് ബിൻ സുറാറ മുസ്‌ലിമായി കഴിഞ്ഞിരുന്നു. അതുകൊണ്ട് ഒരു കലഹം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സഅദ് ബിൻ മുആദ് നേരിട്ട് ഇടപെട്ടുതന്നെ തടഞ്ഞിരുന്നു. അങ്ങനെ അദ്ദേഹം തന്റെ മറ്റൊരു ബന്ധുവായ ഉസയ്ദ് ബിൻ അൽ ഹുളയ്റിനോടു പറഞ്ഞു: അസ്അദ് ബിൻ സുറാറ കാരണം എനിക്ക് ചില തടസമുണ്ട്.' മുസ്‌ലിമായിരുന്നു. അദ്ദേഹത്തെ തബ്‌ലീഗിന് സഹായിക്കുകയും ചെയ്തിരുന്നു. 'എന്നാൽ, താങ്കൾപോയി മുസ് അബിനെ തടയുക.' അസ്അദ് ബിൻ സുറാറയെ തടയുന്നതിനുപകരം ഹദ്റത്ത് മുസ് അബിനെ തടയുക. നമ്മുടെ ആളുകളിൽ ഈ നിർമതവാദം പ്രചരിപ്പിക്കരുത്. അസ്അദിനോടും ഈ രീതി ശരിയല്ലെന്നു പറയുക. അബ്ദിൽ അശ്ഹലിന്റെ വ്യതിരക്തമായ റഈസുമാരിൽപ്പെട്ടവരായിരുന്നു ഉസയ്ദ് ഗോത്രം. എത്രത്തോളമെന്നാൽ അവരുടെ പിതാവ് ബുആഥ് യുദ്ധത്തിൽ ഔസിന്റെ സർദാറുമായിട്ടുണ്ടായിരുന്നു. സഅ്ദ് ബിൻ മുആദിനുശേഷം ഉസയ്ദ് ബിൻ അൽഹുളയ്റിനും തന്റെ ഗോത്രത്തിൽ വലിയ സ്വാധീനമാണ് ഉണ്ടായിരുന്നത്. അങ്ങനെ സഅ്ദിന്റെ ആഹ്വാനപ്രകാരം അദ്ദേഹം മുസ്അബ് ബിൻ ഉമയ്റിന്റെയും അസ്അദ് ബിൻ സുറാറയുടെയും അടുത്തുപോയി. മുസ്അബിനോടു വലിയ ദ്വേഷത്തോടെ പറഞ്ഞു: 'താങ്കൾ എന്തിനാണ് ഞങ്ങളുടെ ആളുകളെ നിർമതക്കാരാക്കി ചുറ്റിക്കറങ്ങുന്നത്? അതിൽനിന്ന് പിന്മാറുക. ഇല്ലെങ്കിൽ നല്ലതായിരിക്കുകയില്ല.' ക്ഷണത്തിൽ വല്ല മറുപടിയും മുസ്അബ് നല്കുന്നതിനു മുമ്പേ അദ്ദേഹത്തോട് സഅ്ദ് (റ) പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: 'ഇദ്ദേഹം തന്റെ ഗോത്രത്തിലെ വലിയ സ്വാധീനമുള്ള റഈസാണ്. അദ്ദേഹത്തോട് മയത്തിലും സൗമ്യതയോടും സംസാരിക്കണം.' അങ്ങനെ മുസ്അബ് വലിയ ആദരവോടും സ്നേഹത്തോടുംകൂടി ഉസയ്ദിനോടു പറഞ്ഞു: 'താങ്കൾ ദ്വേഷപ്പെടാതിരിക്കുക. അങ്ങ് ദയവുചെയ്ത് അല്പനേരം ഇരിക്കുക. സമാധാനത്തോടെ ഞങ്ങൾ പറയുന്ന കാര്യങ്ങൾ കേൾക്കുക. അതിനുശേഷം അഭിപ്രായം പറയുക.' ഉസയ്ദ് ആ കാര്യം ബുദ്ധിപരമെന്നു മനസ്സിലാക്കി അവിടെ ഇരുന്നു.' സൽപ്രകൃതനായിരുന്നു. 'മുസ്അദ് അദ്ദേഹത്തിന് ഖുർആൻ കേൾപ്പിച്ചു. വലിയ സ്നേഹഭാവത്തോടെ ഇസ്‌ലാമിക അധ്യാപനങ്ങളെ കുറിച്ച് പറഞ്ഞു. ഉസയ്ദിൽ അത് എത്രമാത്രം സ്വാധീനം ഉണ്ടാക്കിയെന്നാൽ അദ്ദേഹം ഉടനെ

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

മുസ്‌ലിമായി. എന്നിട്ട് പറഞ്ഞു: 'എന്റെ പിന്നിൽ ഒരാൾ കൂടിയുണ്ട്. അദ്ദേഹം ഇസ്‌ലാം സ്വീക രിക്കുമെങ്കിൽ ഞങ്ങളുടെ മുഴുവൻ ഗോത്രവും മുസ്‌ലിമീങ്ങളാകുന്നതാണ്. നിങ്ങൾ ഇവിടെ തന്നെ നില്ക്കുക. അദ്ദേഹത്തെ ഞാൻ ഇങ്ങോട്ട് അയക്കാം. അങ്ങനെ പറഞ്ഞ് ഉസയ്ദ് അവിടെ നിന്ന് എഴുന്നേറ്റുപോയി. എന്തോ കാരണമുണ്ടാക്കി സഅദ് ബിൻ മുആദിനെ, മുസ്അബ് ബിൻ ഉമയ്റിന്റെയും അസ്അദ് ബിൻ സുറാറയുടെയും അടുത്തേക്ക് അയച്ചു. സഅ്ദ് ബിൻ മുആദ് വന്നു. വളരെ ദ്വേഷത്തോടെ അസ്അദ് ബിൻ സുറാറയോടു പറഞ്ഞു:'നോക്കൂ, അസ്അദേ! താങ്കൾ നമ്മുടെ ബന്ധുത്വം മുതലാക്കി അനുവദനീയമല്ലാത്ത ഫലമെടുക്കുകയാണ്. ഇത് ശരിയല്ല.' ഇപ്പോൾ ഞാൻ ബന്ധുവെന്നകാരണത്താൽ മൗനം പാലിക്കുകയാണ്. പക്ഷേ, ഇതിൽനിന്ന് മുതലെടുക്കരുത്.' 'അപ്പോൾ മുസ്അബ്(റ) അതെപോലെതന്നെ മൃദുഭാവത്തോടും സ്നേഹത്തോടും കൂടി അദ്ദേഹത്തെ തണുപ്പിച്ചു.' ആദ്യം ചെയ്തതുപോലെതന്നെ. എന്നിട്ട് പറഞ്ഞു: 'താങ്കൾ അല്പസമയം ഇരുന്ന് ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുക. ഇനി അതിൽ എന്തെങ്കിലും ആക്ഷേപാർഹമായിട്ടുണ്ടെങ്കിൽ(നിസംശയം) നിഷേധിച്ചാലും. സഅ്ദ് പറഞ്ഞു: അതേ, ഈ അഭ്യർഥന ബുദ്ധിപരമാണ്. തന്റെ കുന്തത്തിൽ ചാരി ഇരുന്നു. ഹദ്റത്ത് മുസ്അബ് ആദ്യത്തെപോലെ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. പിന്നെ ഹൃദയഹാരിയായ നിലയിൽ ഇസ്‌ലാമികാധ്യാപനങ്ങൾ വ്യാഖ്യാനിച്ചു. അധികം താമസിച്ചില്ല, ഈ ബിംബവും കീഴടങ്ങി." അതായത് സഅ്ദ് ബിൻ മുആദും ഇക്കാര്യങ്ങൾ കേട്ട് കീഴടങ്ങി. 'അങ്ങനെ സുന്നത്താക്കപ്പെട്ട രീതിയിൽ സഅ്ദ് കുളിച്ചു വന്നു ശഹാദത്ത് കലിമ ചൊല്ലി. പിന്നീട് സഅ്ദ് ബിൻ മുആദും ഉസയ്ദ് ബിൻ അൽഹുളയ്റും ചേർന്ന്, അവരുടെ ഗോത്രത്തിനടുത്തേക്കുപോയി. സഅ്ദ് തന്റെ പ്രത്യേകമാക്കപ്പെട്ട അറേബ്യൻ ശൈലിയിൽ അവരോട് ചോദിച്ചു: 'അല്ലയോ ബനൂ അബ്ദിൽ അശ്ഹൽ സമൂഹമേ! നിങ്ങൾ എന്നെ എങ്ങനെയാണ് കാണുന്നത്? എല്ലാവരും ഏകസ്വരത്തിൽ പറഞ്ഞു: 'താങ്കളെ ഞങ്ങൾ നേതാവായും നേതാവിന്റെ മകനായും കാണുന്നു, താങ്കളുടെ വാക്കുകളിൽ ഞങ്ങൾക്കു പൂർണവിശ്വാസമാണ്.' സഅ്ദ് പറഞ്ഞു: എന്നാൽ, നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നതുവരെ എനിക്കു നിങ്ങളുമായി ഒരുവിധ ബന്ധവുമുണ്ടായിരിക്കുകയില്ല.' അതിനുശേഷം സഅ്ദ് ഇസ്‌ലാമിന്റെ കാഴ്ചപ്പാടുകൾ അവർക്കു മനസ്സിലാക്കിക്കൊടുത്തു. ആ ദിവസം വൈകുന്നേരമാകുന്നതിനു മുമ്പേ എല്ലാ ഗോത്രാംഗങ്ങളും മുസ്‌ലിമീങ്ങളായി. സഅ്ദും ഉസയ്ദും ചേർന്ന് അവരുടെ ഗോത്രബിംബത്തെ പുറത്തെടുത്തു തകർത്തു.'

ആ ദിവസം മുസ്‌ലിമീങ്ങളായ സഅ്ദ് ബിൻ മുആദ്(റ)ഉം ഉസയ്ദ് ബിൻ അൽഹുളയ്റും ഉന്നതരായ സ്വഹാബിമാരിൽ ഉൾപ്പെടുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു:അൻസ്വാറിൽ അവരുടെ സ്ഥാനം വളരെ ഉന്നതമായിരുന്നുവെന്നതിൽ സംശയമൊന്നുമില്ല.' അവർ വളരെ ഉന്നതരായിരുന്നുവെന്നതിൽ സംശയമില്ല. 'പ്രത്യേകിച്ചും മദീനയിലെ അൻസ്വാറിൽ സഅ്ദ് ബിൻ മുആദിന്, മക്കയിലെ മുഹാജിരീങ്ങളിൽ ഹദ്റത്ത് അബൂബക്കർ(റ)നു ലഭ്യമായിരുന്ന പൊസിഷനായിരുന്നു ഉണ്ടായിരുന്നത്. ഈ യുവാവ് അങ്ങേയറ്റം ആത്മാർഥനും അങ്ങേയറ്റം കൂറുള്ളവനും ഇസ്‌ലാമിനും ഇസ്‌ലാമിന്റെ സ്ഥാപകർക്കും വേണ്ടി ജീവൻ ബലിയർപ്പിക്കാൻ സന്നദ്ധനായ പ്രേമിയുമായി പരിണമിച്ചു. കാരണം അദ്ദേഹം തന്റെ ഗോത്രത്തിന്റെ വലിയ റഈസുമായിരുന്നു. വളരെ ബുദ്ധിമാനായിരുന്നു. ഇസ്‌ലാമിൽ പ്രത്യേകമായ എന്നല്ല പ്രത്യുത വളരെ പ്രത്യേകമായ സ്വഹാബാക്കൾക്ക് ലഭ്യമായിരുന്ന പൊസിഷനായിരുന്നു അദ്ദേഹത്തിന് ലഭ്യമായിരുന്നത്.' ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: 'നിസംശയം! അദ്ദേഹത്തിന്റെ യുവത്വത്തിലുള്ള മരണത്തിൽ, സഅ്ദിന്റെ മരണത്തിൽ അല്ലാഹുവിന്റെ അർശും ചലിച്ചു എന്ന് നബി(സ)തിരുമേനി പറഞ്ഞത് ഒരു അഗാധമായ സത്യസാക്ഷ്യത്തിലധിഷ്ഠിതമാണ്. ചുരുക്കത്തിൽ ഇത്രമാത്രം ദ്രുതഗതിയിലായിരുന്നു ഔസിലും ഖസ്റജിലും ഇസ്‌ലാം വ്യാപിച്ചു കൊണ്ടുപോയത്. യഹൂദികൾ ഭയം നിറഞ്ഞ കണ്ണുകൾകൊണ്ട് ഈ ദൃശ്യങ്ങൾ കാണുകയായിരുന്നു. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അല്ലാഹുവിനെ അറിയൂ എന്ന് അവർ മനസ്സിൽ പറഞ്ഞിരുന്നു.(സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 224-227)

ഹദ്റത്ത് മുസ്അബിന്റെ പ്രബോധനത്താൽ ധാരാളമാളുകൾ മുസ്‌ലിമീങ്ങളായി. അവിടന്ന് നബവി 13-ൽ ഹജ്ജിന്റെ അവസരത്തിൽ മദീനയിൽനിന്ന് 70 പേരടങ്ങുന്ന അൻസ്വാറിന്റെ സംഘവുമായി മക്കയിലേക്ക് പുറപ്പെട്ടു. അതു വിവരിച്ചുകൊണ്ട് വിവിധ നവേദനങ്ങളിൽനിന്നെടുത്ത് സീറത്തുഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു:

നബവി 13-ാം വർഷം ദുൽഹജ്ജ് മാസത്തിലെ ഹജ്ജിന്റെ അവസരത്തിൽ ഔസ്, ഖസ്റജ് ഗോത്രങ്ങളിലെ നൂറുക്കണക്കിനാളുകൾ മക്കയിൽ വന്നു. അതിൽ 70 പേർ മുസ്‌ലിമായി കഴിഞ്ഞിട്ടുള്ളവരോ മുസ്‌ലിമാകാൻ ആഗ്രഹിക്കുന്നവരോ ആയിരുന്നു. അവർ നബി(സ)തിരുമേനിയെ കാണുന്നതിന് മക്കയിൽ വന്നതാണ്. മുസ്അബ് ബിൻ ഉമയ്റും അവരോടൊപ്പം ഉണ്ടായിരുന്നു. മുസ്അബിന്റെ മാതാവ് അന്ന് ജീവിച്ചിരിപ്പുണ്ടായിരുന്നു. അവർ ബഹുദൈവ വിശ്വാസിയായിരുന്നുവെങ്കിലും ഇദ്ദേഹത്തെ വളരെയേറെ സ്നേഹിച്ചിരുന്നു. മുസ്അബ് വന്നവിവരം ലഭിച്ചപ്പോൾ, ആദ്യം തന്നെ വന്നു കാണണമെന്നും പിന്നീട് മറ്റെവിടെയെങ്കിലും പോയാൽ മതിയെന്നും പറഞ്ഞ് ആളെ അയച്ചു. താൻ ഇതുവരെ നബി(സ)തിരുമേനിയെ കണ്ടിട്ടില്ലെന്നും അദ്ദേഹത്തെ കണ്ടതിനുശേഷമേ നിങ്ങളുടെ അടുക്കൽ വരുകയുള്ളുവെന്നും മുസ്അബ് മറുപടി പറഞ്ഞയച്ചു. അങ്ങനെ അദ്ദേഹം നബി (സ)തിരുമേനിയുടെ സന്നിധിയിൽ ഹാജറാകുകയും അത്യാവശ്യ കാര്യങ്ങൾ പറയുകയും ചെയ്തിട്ട് തന്റെ മാതാവിന്റെ അടുത്തുപോയി. അവർ അദ്ദേഹത്തെ കണ്ട് വളരെയധികം കരഞ്ഞു. ഒരുപാട് പരാതിപ്പെട്ടു. മുസ്അബ് പറഞ്ഞു: 'ഉമ്മാ! ഞാൻ വളരെ നല്ലൊരു കാര്യം പറയാം. അത് നിങ്ങൾക്ക് വലിയ ഉത്തമമായിരിക്കും. എല്ലാ കലഹങ്ങൾക്കും തീർപായിരിക്കും.' അവർ ചോദിച്ചു: 'അത് എന്താണ്?' മുസ്അബ് പതിഞ്ഞ സ്വരത്തിൽ മറുപടി നല്കി: 'നിങ്ങൾ വിഗ്രഹാരാധന ഉപേക്ഷിച്ച് മുസ്‌ലിമാകുക. നബി(സ)തിരുമേനിയിൽ വിശ്വസിക്കുക.' അവർ അടിയുറച്ച ബഹുദൈവ വിശ്വാസിയായിരുന്നു. കേട്ടയുടൻ ഉച്ചവയ്ക്കാൻ തുടങ്ങി. എന്റെ നക്ഷത്രങ്ങളെക്കൊണ്ട് സത്യം! ഞാൻ ഒരിക്കലും നിന്റെ ദീനിൽ പ്രവേശിക്കുകയില്ല. അവർ ബന്ധുക്കൾക്ക് മുസ്അബിനെ പിടിച്ച് തടവലിലാക്കുവാൻ ആംഗ്യം നല്കി. എന്നാൽ, അദ്ദേഹം അവിടെനിന്ന് ഓടി രക്ഷപ്പെട്ടു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ), പേജ് 224-227)

ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)റിന്റെ സ്മരണയിൽ ഇനിയും കൂടുതൽ കാര്യങ്ങൾ പറയാനുണ്ട്. അതു തുടർന്നുകൊണ്ടിരിക്കുന്നതായിരിക്കും. അതുകൊണ്ടു അതിപ്പോൾ ഇവിടെ അവസാനിപ്പിക്കുകയാണ്. ഇൻശാ അല്ലാഹ് അടുത്ത ഖുത്ബയിൽ വിവരിക്കുന്നതാണ്.

ജനാസകൾ നമസ്കരിപ്പിക്കേണ്ടതുണ്ട്. അവയിലൊന്ന് മലിക് മുസഫ്ഫർ അഹ്മദ് സാഹിബിന്റെ മകൻ മലിക് മുനവ്വർ അഹ്മദ് ജാവേദ് സാഹിബിന്റേതാണ്. 2020 ഫെബ്രുവരി 22 ന് 84-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ അദ്ദേഹത്തിന് കുറച്ചുകാലമായി കരൾ സംബന്ധമായ അസുഖമായിരുന്നു. ഇക്കാരണത്താൽ 10 ദിവസം ത്വാഹിർ ഹാർട്ട് ആശുപത്രിയിൽ ചികിത്സയ്ക്കുശേഷം തന്റെ യഥാർഥ സ്രഷ്ടാവിന്റെ സന്നിധിയിൽ ഹാജരായി. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കുപുറമെ നാലു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. മലിക് മുനവ്വർ അഹ്മദ് ജാവേദ് സാഹിബിന്റെ പിതാമഹൻ(സ്വൂബെദാർ മേജർ) ഹദ്റത്ത് ഡോക്ടർ സഫ്ർ ഹസൻ സാഹിബ് ആയിരുന്നു. അദ്ദേഹത്തിന്റെ മാതാമഹൻ ഹദ്റത്ത് ശെയ്ഖ് അബ്ദുൽകരീം സാഹിബായിരുന്നു. ഇദ്ദേഹത്തിന്റെ ബന്ധം ഗുരുദാസ്പൂർ ജില്ലയിലെ ഗാസിപൂരുമായിട്ടായിരുന്നു. പിതാമഹൻ ധറംകോട്ട് റൻദാവാ കാരനായിരുന്നു. ഇരുവരും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കൈയിൽ ബയ്അത്ത് ചെയ്ത് സ്വഹാബത്തിന്റെ പദവി കരസ്ഥമാക്കി. മലിക് മുനവ്വർ ജാവേദ് സാഹിബിന്റെ വിവാഹം 1968-ൽ സൽമാ ജാവേദ് സാഹിബയുമായി നടന്നു. അവർ പരേതനായ സ്വൂഫി ഹാമിദ് സാഹിബിന്റെ മകളായിരിന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി സ്വൂഫി ഗുലാം മുഹമ്മദ് സാഹിബ്(റ)മുബല്ലിഗ് മൊറേഷ്യസിന്റെ പൗത്രിയായിരുന്നു. ഇതുപോലെ തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

സ്വഹാബി ഹദ്റത്ത് ഡോക്ടർ സഫ്ർ ഹസൻ സാഹിബ്(റ)ന്റെ ദൗഹിത്രിയുമായിരുന്നു. ഹദ്റത്ത് സ്വൂഫി ഗുലാം മുഹമ്മദ് സാഹിബ് (റ) മുബല്ലിഗ് മൊറേഷ്യസ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 313 സ്വഹാബിമാരിൽപ്പെട്ടയാളായിരുന്നു. ഇപ്രകാരംതന്നെ മലിക് മുനവ്വർ സാഹിബിന്റെ പിതാമഹനും മാതാമഹനും അദ്ദേഹത്തിന്റ ഭാര്യയുടെ പിതാമഹനും മാതാമഹനും നാലുപേരും അല്ലാഹുവിന്റെ കൃപയാൽ സ്വഹാബിമാരായിരുന്നു.

തന്റെ ജീവിതം വഖ്ഫ് ചെയ്തതിനെ സംബന്ധിച്ച് മലിക് സാഹിബ് ഒരു അവസരത്തിൽ പറഞ്ഞു: വഖ്ഫ് ചെയ്യണമെന്നുള്ള ശ്രദ്ധ എനിക്കുണ്ടായതിങ്ങനെയാണ്. 1982-ൽ ഞാൻ അൻസ്വാറുല്ലായുടെ ഇജ്തിമായിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ പ്രസംഗം കേൾക്കുകയായിരുന്നു. ഹുദൂർ അതിൽ വഖ്ഫിന്റെ പ്രാധാന്യത്തെ കുറിച്ച് വിവരിച്ചു. 'നിങ്ങളുടെ അവസാന ശ്വാസം വഖ്ഫിൽ പുറത്തുപോകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ' എന്നതായിരുന്നു പ്രസംഗത്തിന്റെ അവസാന വാക്യം. അദ്ദേഹം പറയുന്നു, ഈ വാക്യം എന്റെ ഒരു ൗ്യീശിഴ ൗീശിേ ആയിരുന്നു. എനിക്കും വഖ്ഫു ചെയ്യാൻ സാധിക്കുമോ എന്ന് ഞാൻ ചിന്തിച്ചു. എന്തായാലും അവസാനം അദ്ദേഹം തന്നെ സ്വയം വഖ്ഫു ചെയ്യാൻ തീരുമാനിച്ചു. 1983 ആഗസ്റ്റ് 10-ാം തിയതി അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന് ജീവിതം വഖ്ഫു ചെയ്തുകൊണ്ടുള്ള അപേക്ഷ നല്കി. ഹുദൂർ (റഹ്) 1983 ആഗസ്റ്റ് 18ന് അദ്ദേഹത്തിന്റെ വഖ്ഫ് സ്വീകരിച്ചു. വഖ്ഫു സ്വീകരിച്ചുകൊണ്ട് താങ്കൾ ജോലി നിറുത്തി പോരാൻ നിർദേശിച്ചു. ആ നേരത്ത് അദ്ദേഹം സ്വന്തം കച്ചവടവും നടത്തിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1983 ആഗസ്റ്റ് 28 ന് 'വക്കാലത്തെ സ്വൻഅത്ത് വ തിജാറത്തിൽ'അദ്ദേഹത്തിന് ആദ്യത്തെ നിയമനം നല്കി. 1983 ഒക്ടോബർ 1 മുതൽ അദ്ദേഹം 'വക്കാലത്തെ സ്വൻഅത്ത് വ തിജാറത്തിൽ' ഹാജരായി. വഖ്ഫു ചെയ്യുന്നതിനുമുമ്പേ അദ്ദേഹം ആദ്യത്തെ 16 വർഷം പഞ്ചാബ് സർക്കാരിന്റെ സെക്രട്ടറിയേറ്റിൽ ജോലി ചെയ്തു. അതിനുശേഷം ഏകദേശം പത്തുവർഷം സ്വന്തം തൊഴിൽ ചെയ്തു. 1983 നവംബറിൽ റിവ്യു ഓഫ് റിലീജ്യൻസ് മാസികയുടെ മാനേജരായി നിയമിതനായി. 1984-ൽ 'മുആവിൻ നാളിർ ളിയാഫത്ത്' ആയി നിയമിതനായി. 1987 ഏപ്രിൽ 20 മുതൽ 2016 ജൂലായ് വരെ 'നാഇബ് നാളിർ ളിയാഫത്ത്' എന്ന നിലയിൽ കടമകൾ നിറവേറ്റാൻ തൗഫീഖ് കിട്ടി. 1990-ൽ 'കഫാലത്ത് യക്സ്വദ് യത്താമാ'കമ്മിററി രൂപികരിച്ചപ്പോൾ അതിന്റെ ആദ്യ സെക്രട്ടറിയായി നിയമിതനായി. ഏകദേശം 20 വർഷം വരെ അദ്ദേഹത്തിന് ഇവിടെ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. 1968 മുതൽ 1970 വരെ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാക്കിസ്താന്റെ ജില്ലാ ഖാഇദും ലാഹോർ യിലാഖ ഖാഇദുമായിരുന്നു. ഈ സേവനം ഏകദേശം 10 വർഷമായിരുന്നു. അൻസ്വാറുല്ലായിൽ 1984 മുതൽ 2014 വരെ സേവനം ചെയ്യാൻ അവസരം കിട്ടി. 31 വർഷം വരെ അൻസ്വാറുല്ലാഹ് പാക്കിസ്താനിൽ ഖാഇദ് തഹ്രീക്കെ ജദീദ്, ഖാഇദ് തർബിയ്യത്ത്, ഖാഇദ് ഇശാഅത്ത് എന്ന നിലയിലും പിന്നീട് ഈ അവസാനത്തെ 5 വർഷം നാഇബ് മജ്ലിസ് അൻസ്വാറുല്ലാഹ് പാക്കിസ്താൻ എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി.

അദ്ദേഹം സർക്കാർ ജോലിയിൽ ആയിരുന്നപ്പോൾ നടന്ന ഒരു സംഭവം വിവരിച്ചുകൊണ്ട് ഒരിക്കൽ മലിക് സാഹിബ് പറയുകയുണ്ടായി: സർവീസിന്റെ ഇടയ്ക്ക് ജമാഅത്തിനോട് വിദ്വേഷംവച്ചു പുലർത്തുന്ന ഞങ്ങളുടെ ഒരു ഇൻചാർജുണ്ടായിരന്നു. അയാൾ മിക്കപ്പോഴും മൗലവിമാരെ എന്റെയടുത്ത് വാദപ്രതിവാദത്തിന് കൊണ്ടുവരുമായിരുന്നു. ഒരിക്കൽ എന്റെയടുക്കൽ സംവാദത്തിനായി അല്ലാമ പ്രൊഫസർ ഖാലിദ് മഹ്മൂദ് സാഹിബിനെ കൊണ്ടുവന്നു. ആ സമയത്ത് അദ്ദേഹം പ്രസിദ്ധ പണ്ഡിതനായിരുന്നു. അദ്ദേഹവുമായി വാദപ്രതിവാദം ആരംഭിച്ചു. തന്റെ ഒരു വാക്കും വിലപോകില്ലെന്നു മനസ്സിലാക്കിയപ്പോൾ അയാൾ പ്രകോപിതനായി ചീത്തവിളിക്കാൻ തുടങ്ങി. അതാണല്ലോ മുസ്‌ലിം പണ്ഡിതന്മാരുടെ മാർഗം. അദ്ദേഹം പറയുന്നു: എന്റെ ഇൻചാർജ് സംഗതി വഷളാകുമെന്ന് കരുതി ഭയപ്പെടാൻ തുടങ്ങി. അപ്പോൾ ആ പണ്ഡിതൻ എന്റെ ഇൻചാർജ്ജിന് -അദ്ദേഹത്തിന്റെ പേര് അബ്ദുർറഹ്മാൻ എന്നായിരുന്നു-ആത്മവിശ്വാസം നല്കുന്നതിനായി പറഞ്ഞു, മൗലവി സാഹിബിന്റെ വാക്കുകൾ എങ്ങനെയുള്ളതാണെന്നാൽ ജമാഅത്തിലെ അംഗങ്ങൾക്ക് അല്ലാഹുവുമായി ബന്ധമുണ്ടെന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയാണ്. പറയുന്നു: മൗലാനാ സാഹിബ് പറഞ്ഞു: ഇക്കൂട്ടർ അല്ലാഹുവിലും റസൂലിലും ദൈവഗ്രന്ഥത്തിലും എത്രമാത്രം അക്രമം ചെയ്തിരിക്കുന്നുവെന്നാൽ അല്ലാഹു അവരെ നശിപ്പിക്കണമായിരുന്നു. അതായത് അല്ലാഹുവിലും റസൂലിലും വിശുദ്ധ ഖുർആനിലും അഹ്മദികൾ അല്ലാഹു അവരെ നശിപ്പിക്കുംവിധമുള്ള അക്രമം ചെയ്തിരിക്കുന്നു. എന്നാൽ, എന്തുകൊണ്ടാണ് നശിപ്പിക്കാത്തത്? മൗലാനാ സാഹിബ് പറഞ്ഞു: അവർ എപ്പോഴും ഇക്കാരണത്താലാണ് രക്ഷപ്പെടുന്നത്, ഇവർ എന്തുകൊണ്ടാണ് രക്ഷപ്പെടുന്നത്? കാരണം ഇവർ തങ്ങളുടെ നമസ്കാരങ്ങളിൽ നല്ലവണ്ണം കരയുന്നു. മലിക് സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തോടു പറഞ്ഞു: അല്ലാമ സാഹിബേ! ഇക്കാര്യം താങ്കൾ എഴുതിത്തന്നാലും. അദ്ദേഹം അതെന്തിനാണെന്ന് ചോദിച്ചു. അപ്പോൾ പഞ്ചാബിയിൽ പറഞ്ഞു, 'ആജ് മേ ലിഘ് ദേവാ തേ കൽ തുസി അഖ്ബാർ വിച്ച് ഛപ് വാ ദിയോഗെ' ഇന്ന് ഞാൻ എഴുതിത്തന്നാൽ നാളെ നീ പത്രങ്ങളിൽ പ്രസിദ്ധീകരിക്കും. എന്തായാലും അഹ്മദികളുടെ വിലാപമാണ് അവർക്കെല്ലായിടത്തും പ്രയോജനപ്പെടുന്നതെന്നും അല്ലാഹു അവരുടേത് കേൾക്കുന്നുവെന്നും അവർക്ക് അംഗീകരിക്കേണ്ടിവന്നു. ഇതൊക്കെയായിട്ടും നമ്മൾ തെറ്റിലാണെന്നാണ് കരുതുന്നത്! എന്നിട്ടും ദൃഢമായും വിശ്വസിക്കുന്നു, അല്ലാഹു നമ്മുടേത് കേൾക്കുന്നുവെന്ന്. അല്ലാഹു അത്തരക്കാരുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. അവർ തെറ്റായ വഴിയിലിട്ടിരിക്കുന്ന ജനങ്ങളെ തെറ്റായ മാർഗദർശനം നല്കിക്കൊണ്ടിരിക്കുന്ന ജനങ്ങളെ അവരുടെ കളവിൽനിന്നും വഞ്ചനയിൽനിന്നും രക്ഷിക്കുമാറാകട്ടെ.

നമ്മുടെ മുആവിൻ നാളിർ ളിയാഫത്ത് ഉസാമ അള്ഹർ സാഹിബ് പറയുന്നു: മലിക് മുനവ്വർ അഹ്മദ് ജാവേദ് സാഹിബ് സംഘടനാപരമായി ഉന്നത കഴിവുകളുടെ ഉടമയായിരുന്നു. രാത്രികളിലെഴുന്നേറ്റ് ദാറുള്ളിയാഫത്ത് പലവുരു സന്ദർശിക്കുകയും ജോലിക്കാരെ പരിശോധിക്കുകയും ചെയ്യുമായിരുന്നു. കാലാവസ്ഥകൾക്കനുസരിച്ച് അവർക്ക് ചായ, മുട്ട തുടങ്ങിയവയ്ക്കുള്ള ഏർപാടു ചെയ്യുമായിരുന്നു. ദാറുള്ളിയാഫത്തിലെ ജോലിക്കാരോടു വളരെ സ്നേഹത്തോടും വാത്സല്യത്തോടും സഹതാപത്തോടും പെരുമാറുമായിരുന്നു. എല്ലാ ജോലിക്കാരുടേയും വീട്ടിലെ അവസ്ഥകൾ അറിയുമായിരുന്നു. മൗനമായി അവരെ സാധിക്കുന്നിടത്തോളം സഹായിക്കുകയും ചെയ്യുമായിരുന്നു.

അദ്ദേഹത്തിന്റെ ജാമാതാവ് നദീം സാഹിബ് പറയുന്നു; സഹോദരീപുത്രനുമാണ്: 'എന്നോടു ഒരിക്കൽ എപ്പോഴും നമസ്കരിക്കാനും ഖിലാഫത്തിനെ സ്നേഹിക്കാനും പറയുകയും ദീനിന് സേവനം ചെയ്യാൻ ഉപദേശിക്കുകയും ചെയ്തിരുന്നുവെന്നതാണ് ഒന്നാമത്തെ കാര്യം. അദ്ദേഹം ഒരിക്കൽ എന്നോടു പറഞ്ഞു: 'റിട്ടയേർഡ് മെന്റിനുശേഷം ഒരു ദിവസം, ഇപ്പോൾ റിട്ടയേർഡ് മെന്റായി ഇനി നിർബന്ധമല്ലാത്ത ചന്ദകൾ പകുതിയാക്കാമെന്ന് ഞാൻ തീരുമാനിച്ചു. വരുമാനവും അലൗൺസുമെല്ലാം കുറഞ്ഞിരിക്കുന്നു. അതുകൊണ്ടു ഞാൻ എന്റെ വാഗ്ദാനത്തിന്റെ ലിസ്റ്റുണ്ടാക്കി രാത്രി ഉറങ്ങി. അദ്ദേഹം പറയുന്നു, രാത്രിയിൽ ഞാൻ സ്വപ്നം കണ്ടു. അല്ലാഹു എന്റെ അടുത്ത് വന്നിരിക്കുന്നു. അവൻ പറഞ്ഞു:ഞാൻ ആലമെകൗണിന്റെ(ലോകത്തിന്റെ)ദൈവമാകുന്നു. താങ്കൾ ചന്ദ പകുതിയാക്കിയിരിക്കുന്നുവെന്ന് കേട്ടു. വരിക! ഞാൻ താങ്കളെ എന്റെ പ്രപഞ്ചം ചുറ്റിനടന്ന് കാണിച്ചുതരാം. അങ്ങനെ അല്ലാഹു സ്വപ്നത്തിൽ അവന്റെ പർവതങ്ങൾ കാണിച്ചു തന്നു. വനവും താഴ്വരകളും നദികളും തോട്ടങ്ങളും കാണിച്ചു തന്നു. പറഞ്ഞു, ഇതിന്റെ എല്ലാം മാലിക് ഞാനാകുമ്പോൾ നിനക്ക് എന്തു കാര്യത്തെ കുറിച്ചുള്ള ചിന്തയാണ്. ഇക്കാര്യം ഞാൻ കേട്ടതോടെ എന്റെ കണ്ണുകൾ തുറന്നു. പകുതി ചന്ദ നല്കാമെന്ന് ഞാൻ വിചാരിച്ചത് ഉപേക്ഷിച്ചു. ആദ്യം കൊടുത്തുവന്നതുപോലെതന്നെ ചന്ദ നല്കാനും തുടങ്ങി.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു:വഖ്ഫെ സിന്ദഗീ ആകുന്നതിനുമുമ്പേ അദ്ദേഹം കച്ചവടം നടത്തിയിരുന്നപ്പോൾ തണുപ്പുകാലത്ത് ഒരു പാടു പണം പോക്കറ്റിലിട്ടുകൊണ്ട് ചാദുർ പുതച്ച് രാത്രികളിൽ റോഡിൽ ഇറങ്ങിപ്പോകുമായിരുന്നു. ആ നേരത്ത് ആവശ്യക്കാരെ കിട്ടുകയാണെങ്കിൽ അവർ യഥാർഥ ആവശ്യക്കാരായിരിക്കുമല്ലോ. ഒരിക്കൽ ഒരാൾ വളരെ

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

വിഷമത്തോടെ നില്പുണ്ടായിരുന്നു. തന്റെ ഉമ്മായ്ക്ക് തീരെ സുഖമില്ലെന്നും കൈയിൽ പൈസയൊന്നുമില്ലെന്നും അയാൾ പറഞ്ഞു. അദ്ദേഹം ആ പണം മുഴുവൻ അയാൾക്കു കൊടുത്ത് വീട്ടിൽ തിരിച്ചു വന്നു.

മുആവിൻ നാളിർ ളിയാഫത്ത്, മുറബ്ബി ആസിഫ് മജീദ് സാഹിബ് പറയുന്നു:ചിലപ്പോൾ തിരക്കുകൂടുമ്പോൾ അതിഥികളുടെ താമസസൗകര്യം ഏർപാടാക്കുന്നതിൽ പ്രയാസമുണ്ടാകുമായിരുന്നു. ചിലഅതിഥികൾ ഓഫീസിൽവന്ന് രൂക്ഷമായി സംസാരിക്കുമായിരുന്നു. എന്നാൽ, പരേതൻ പ്രസന്നവദനനായി എല്ലാ ആക്ഷേപങ്ങളും കേൾക്കുമായിരുന്നു. ഇദ്ദേഹം പറയുന്നു: ചിലപ്പോൾ അദ്ദേഹം പരസ്യമായി കൈകൂപ്പി മാപ്പു പറയുന്നതും ഞാൻ കണ്ടിട്ടുണ്ട്. അവരിൽ ചിലർ അദ്ദേഹത്തിന്റെ മക്കളുടെ പ്രായക്കാരായിരുന്നു. ഒരിക്കൽ അതിഥികളെല്ലാം പോയതിനുശേഷം മലിക് സാഹിബേ! താങ്കൾ ആ കുട്ടിയുടെ മുമ്പിൽ കൈകൂപ്പി മാപ്പു പറയുന്നതു കണ്ടപ്പോൾ എനിക്ക് വിഷമമുണ്ടായെന്ന് ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു:താങ്കളെന്തിനാണ് വിഷമിച്ചത്? കൈകൂപ്പിയത് ഞാനല്ലേ, താങ്കളല്ലല്ലോ? ഓർക്കുക! തെറ്റിപ്പോയ അതിഥികളെ സമാധാനിപ്പിച്ച് തിരിച്ചുകൊണ്ടുവരുന്നതിന് ചെരുപ്പുപോലും ഇടാതെ ഓടിപ്പോകുകയും അവരെ പിന്തിരിപ്പിച്ച് കൊണ്ടുവരികയും ചെയ്ത ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണിവർ.

വീണ്ടും ആസിഫ് സാഹിബ് പറയുന്നു:ഒരിക്കൽ ഈയുള്ളവൻ അദ്ദേഹത്തിന്റെ ഓഫീസിലിരിക്കുകയായിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു: വയസ്സായ ഒരു ആൾ എന്റെ ഓഫീസിൽ വന്നു. പഞ്ചാബിയിൽ മലിക് സാഹിബിനോടു ചോദിച്ചു: താങ്കൾ മലിക് മുനവ്വർ ജാവേദാണോ? മലിക് സാഹിബ് പറഞ്ഞു, ഞാൻതന്നെയാണ് മലിക് മുനവ്വർ ജാവേദ്. ആ വൃദ്ധൻ പഞ്ചാബിയിൽ ചോദിച്ചു: ലങ്കർഖാന നിന്റെ തന്തയുടേതാണോ? മലിക് സാഹിബ് പറഞ്ഞു:ബാബാജി! അല്ല. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലങ്കർഖാനയാണ്. എന്റേയും താങ്കളുടേയും സംയുക്തമായ പിതാവിന്റെ ലങ്കർ ഖാന! ഈ മറുപടി കേട്ടപ്പോൾ ആ വൃദ്ധന് തൃപ്തിയായി. അങ്ങനെ വളരെ സാവധാനം തന്റെ കാര്യം പറഞ്ഞ് അയാൾ മടങ്ങിപ്പോയി.

ചിലപ്പോൾ അതിഥിയും അതിക്രമം കാണിക്കാറുണ്ട്. ദാറുൽ ളിയാഫത്തിൽനിന്ന് ഇങ്ങനെ പെരുമാറി, അങ്ങനെ പെരുമാറി എന്നൊക്കെ പറഞ്ഞ് എനിക്കും പരാതികൾ കിട്ടാറുണ്ട്. പിന്നീട് അന്വേഷിക്കുമ്പോഴാണ് അറിയുന്നത് അതിഥിയ്ക്കും ക്ഷമ ഉണ്ടായിരുന്നില്ലെന്ന്. നാം നമ്മുടെ വകുപ്പിനെ ആദരിക്കേണ്ടതുതന്നെയാണ്. എന്നാൽ, അതിഥികളും ഉൽകൃഷ്ട സ്വഭാവം പ്രദർശിപ്പിക്കേണ്ടതാണ്. അങ്ങനെ എന്തെങ്കിലും ഉണ്ടാകുമ്പോൾ സംഘാടകരോടു സഹകരിക്കാൻ ശ്രമിക്കുക. എന്തായാലും മലിക് സാഹിബ് തന്റെ വഖ്ഫിന്റെ കടമ നിറവേറ്റി.

ഞാൻ നാളിർ അഅ്ലാ ആയിരുന്നപ്പോൾ, നാളിർ ളിയാഫത്തും ആയിരുന്നു. ഇദ്ദേഹം നായിബ് നാളിർ ളിയാഫത്ത് ആയിരുന്നു. ജമാഅത്തുപരമായ സ്വത്തുക്കളെ പറ്റി വളരെ വിഷമത്തോടെ ചിന്തിച്ചിരുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. സത്യം പറയുന്നതിൽ ഒരുവിധ മടിയും കാണിച്ചിരുന്നില്ല. അദ്ദേഹം എന്റെ നാഇബ് ആയിരുന്നിട്ടുകൂടി ജമാഅത്തിന്റെ പ്രയോജനത്തിനായി വല്ലതും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഉത്തമമെങ്കിൽ ഇനി ഞാൻ അതിനു വിപരീതമായ വല്ല കാര്യവും പറഞ്ഞാൽ തന്നെയും ഒരു മടിയും കൂടാതെ എന്റെ അഭിപ്രായത്തിന് എതിരെ നിർദേശം നല്കുമായിരുന്നു. പറയുമായിരുന്നു, ഇത് ഇപ്രകാരമെങ്കിൽ കൂടുതൽ ഉത്തമമായിരിക്കും. ഈ ഒരു പ്രത്യേകതയാണ് എല്ലാ വഖ്ഫെ സിന്ദിഗികൾക്കും ഉണ്ടായിരിക്കേണ്ടത്. നിങ്ങളുടെ അഭിപ്രായങ്ങൾ ആദരവിന്റെ പരിധിയിൽ നിന്നുകൊണ്ട് തന്നെ ഉത്തമമായ നിലയിൽ സമർപിക്കേണ്ടതാണ്. ഖിലാഫത്തിനോടുള്ള കൂറിന്റെ ബന്ധം വളരെ ഉന്നതമായിരുന്നു. അത് അദ്ദേഹത്തിന്റെ എല്ലാ കത്തിലും പ്രകടമായിരുന്നു. കാണുമ്പോഴും എല്ലാ കൂടിക്കാഴ്ചയിലും അത് മനസിലാക്കാൻ കഴിയുമായിരുന്നു. എന്നെ രണ്ടുവട്ടം കണ്ടിട്ടുണ്ട്. അല്ലാഹു കാരുണ്യത്തോടും പാപപൊറുതിയോടുംകൂടി അദ്ദേഹത്തോട് പെരുമാറുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യക്കും കുട്ടികൾക്കും ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടർന്നു കൊണ്ടുപോകാനുള്ള തൗഫീഖ് അവർക്കു നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ നമസ്കാരം ശെയ്ഖ് മഹ്ബൂബ് ആലം ഖാലിദ് സാഹിബിന്റെ മകൻ പ്രൊഫസർ മുനവ്വർ ശമീം സാഹിബിന്റേതാണ്. 2020 ഫെബ്രുവരി 16 ന് റബ്വയിൽ ഏകദേശം 81–ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഞാൻ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ പിതാവ് ശെയ്ഖ് മഹ്ബൂബ് ആലം ഖാലിദ് സാഹിബ് ആദ്യം ടി.ഐ.കോളേജിൽ പ്രൊഫസറായിരുന്നു. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മാസിഹ് ഥാലിഥ്(റഹ്)അദ്ദേഹത്തെ നാളിർ ബയ്ത്തുൽമാൽ ആമദ് ആക്കി. വളരെ ദീർഘകാലം അദ്ദേഹം നാളിർ ബയ്ത്തുൽമാൽ ആമദ് ആയിരുന്നു. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)അദ്ദേഹത്തെ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ സ്വദ്റായി നിയമിച്ചു. ഈ ശമീം ഖാലിദ് സാഹിബ് അദ്ദേഹത്തിന്റെ മൂത്തമകനായിരുന്നു. ഇദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങൾ അദ്ദേഹത്തിന്റെ രണ്ടാം ഭാര്യ ശാഹിദ മുനവ്വർ ശമീം സാഹിബയാണ്. മരിച്ചുപോയ ആദ്യ ഭാര്യയിൽ ഇദ്ദേഹത്തിന് ഒരു മകനുണ്ട്; ഖാലിദ് അൻവർ സാഹിബ്. അദ്ദേഹം കനഡയിലാണ്. 1964 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്നപ്പോൾ–ഹുദൂർ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ സ്വദ്റുമായിരുന്നു, മുനവ്വർ ശമീം ഖാലിദ് സാഹിബിന്റെ നിക്കാഹ് മസ്ജിദുമുബാറക്കിൽ വിളംബരം ചെയ്തു. നിക്കാഹിന്റെ അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്)പറഞ്ഞു: 'പ്രൊഫസർ മുനവ്വർ ശമീം സാഹിബ്, എന്റെ ഉറ്റ സുഹൃത്തായ പ്രൊഫസർ മഹ്ബൂബ് ആലം ഖാലിദ് സാഹിബിന്റെ മകനാണ്. എനിക്കെന്റെ മക്കളെപ്പോലെ പ്രിയനാണ്.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന് അദ്ദേഹത്തിന്റെ പിതാവുമായും വലിയ ബന്ധമായിരുന്നു. പാക്കിസ്താൻ മജ്ലിസ് അൻസാറുല്ലായിൽ അദ്ദേഹത്തിന്റെ സേവനത്തിന്റെ പരമ്പര 28 വർഷമാണ്. കോളേജ് ദേശസാൽക്കരിക്കുന്നതുവരെ ഇദ്ദേഹം ടി.ഐ.കോളേജിൽ പ്രൊഫസറായിരുന്നു. ദേശസാൽക്കരിക്കപ്പെട്ടതിനുശേഷം അദ്ദേഹത്തിന്റെ കൂടുതൽകാലവും കോളേജിൽത്തന്നെയാണ് കഴിഞ്ഞിരുന്നതെന്ന് ഞാൻ കരുതുന്നു.

മഹ്ബൂബ് ആലം സാഹിബിന്റെ മകനായിരുന്നു അദ്ദേഹമെന്ന് ഞാൻ പറഞ്ഞു. ശമീം ഖാലിദ് സാഹിബിന്റെ പിതാമഹന്റെ പേര് മൗലവി ഫർസന്ദ് അലി സാഹിബ് എന്നായിരുന്നു. മൗലവി ഫർസന്ദ് അലി സാഹിബ് ലണ്ടൻ മസ്ജിദിലെ ഇമാമും നാളിർ ബയ്ത്തുൽമാലും ആയിരുന്നിട്ടുണ്ട്.

മുനവ്വർ ശമീം ഖാലിദ് സാഹിബിന്റെ രണ്ടാമത്തെ ഭാര്യ ശാഹിദ സാഹിബ പറയുന്നു: മുനവ്വർ ശമീം ഖാലിദ് സാഹിബ് അസംഖ്യം ഉൽകൃഷ്ട ഗുണങ്ങളുടെ ഉടമയായിരുന്നു. അതിൽ ഏറ്റവും ആദ്യത്തെ ഗുണം, കാലത്തിന്റെ ഖലീഫയോടുള്ള അത്യപൂർവസ്നേഹവും വിശ്വാസവും അനുസരണവുമാണ്. ജുമുഅ ഖുത്ബകൾ അതീവശ്രദ്ധയോടെ കേൾക്കുമായിരുന്നു. പിന്നീട് വലിയ പോയന്റുകൾ എടുക്കുമായിരുന്നു. നോമ്പു പിടിക്കുകയും നമസ്കാരമനുഷ്ഠിക്കുകയും തഹജ്ജുദ് കൃത്യമായി നമസ്കരിക്കുകയും ചെയ്തിരുന്നു. അഞ്ചുനേര നമസ്കാരം ജമാഅത്തോടുകൂടി കൃത്യമായി അനുഷ്ഠിച്ചിരുന്നു. രോഗം കാരണത്താൽ മസ്ജിദിൽ പോകാൻ സാധിക്കാതെ വന്നപ്പോൾ വല്ലാതെ വിഷമിച്ചിരുന്നു. തനിക്ക് മസ്ജിദിൽ പോകാൻ കഴിയുന്നില്ലല്ലോ എന്ന ചിന്ത എപ്പോഴും നിലനിന്നിരുന്നു. അദ്ദേഹം തന്റെ രോഗത്തിന്റെ കാലവും വലിയ ക്ഷമയോടും സഹനത്തോടും ധൈര്യത്തോടും കഴിച്ചുകൂട്ടി. ഒരിക്കലും ഉഫ് എന്നുപോലും പറഞ്ഞില്ല. ഒരു പരിഭവവും പറഞ്ഞില്ല. എപ്പോഴും നാവിൽ അൽഹംദുലില്ലാഹ് ഉണ്ടായിരുന്നു. മതസേവനത്തിൽ ആത്മാർഥതയും കൂറും അധ്വാനവും അദ്ദേഹത്തിന്റെ വ്യക്തമായ ഗുണമായിരുന്നു. വലിയ നിശബ്ദതയോടെ സേവനം ചെയ്യുന്നയാളായിരുന്നു. അങ്ങേയറ്റം ദയയോടും കൂറോടും സ്നേഹത്തോടും പെരുമാറുന്ന വ്യക്തിയായിരുന്നു. കോളേജിൽ പഠിപ്പിച്ചു കൊണ്ടിരുന്ന കാലത്ത് ഞാനും കുറച്ചു കാലം അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. അതിനുശേഷം ഞാൻ അമീർ മഖാമി, അതായത് നാളിർ അഅ്ലാ ആയപ്പോൾ അങ്ങേയറ്റം അദബോടും ആദരവോടും കൂടിയാണ് എന്നോടു പെരുമാറിയിരുന്നത്. നീ എന്റെ ശിഷ്യനാണെന്ന് ഒരിക്കലും പ്രകടിപ്പിച്ചിരുന്നില്ല. ഖിലാഫത്ത് വ്യവസ്ഥിതിയിലും ജമാഅത്ത് വ്യവസ്ഥിതിയിലും അങ്ങേയറ്റത്തെ കൃത്യത പാലിച്ചിരുന്നു. അനുസരണ ശീലനായിരുന്നു. ഖലീഫായശേഷം എന്നോടുണ്ടായ ബന്ധം വിവരണാതീതമാണ്.

അല്ലാഹു റഹ്മത്തോടും മഗ്ഫിറത്തോടും കൂടി അദ്ദേഹത്തോടു പെരുമാറട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ പാദങ്ങളിൽ ഇടം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിന് അദ്ദേഹത്തിന്റെ നന്മയും തുടർന്ന് കൊണ്ടുപോകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ജുമുഅ നമസ്കാരത്തിനുശേഷം ഇവർ രണ്ടുപേരുടേയും ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# ചശ്മയെ തൗഹീദ്-

## ദൈവത്തിന്റെ ഏകത്വത്തിന്റെ ഉറവിടം

### ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

### സഫീർ മാലിക്

***വിവർത്തകൻ കെ.വി.ഹസൻകോയ കോഴിക്കോട്***

***(ഇന്ത്യയിലെ ഖാദിയാനിൽ ചേർന്ന 1906ലെ വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം)***

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...)**

ആദംനബി(അ) മുതൽ ഇന്നോളം ആരാണോ നന്ദി കാണിക്കുന്നത് അവർ പുരോഗതി പ്രാപിക്കുകയും പുഷ്ടിപ്പെടുകയും സമൃദ്ധിയിലാവുകയും ചെയ്തിട്ടേയുള്ളൂ എന്ന വസ്തുത ചിന്തിക്കുക. എന്നിരിക്കിലും, അവിശ്വസിച്ചവർ എല്ലായ്പ്പോഴും നശിപ്പിക്കപ്പെട്ടിരുന്നു. നൂഹ്നബി(അ)യും ലൂത്ത് നബി(അ)യും കൃതജ്ഞത കാണിച്ചവരിൽപെട്ടവരായിരുന്നു. അതിന്റെ ഫലമായി അവർ വിജയിച്ചു. ദൈവത്താൽ സ്വീകൃതരായി. പക്ഷേ, അവരുടെ ജനത അവരെ നിരാകരിച്ചു. അതിന്റെ ഫലമായി അവർ നശിപ്പിക്കപ്പെട്ടു.

നൂഹിന്റെ ജനത നശിപ്പിക്കപ്പെടാൻ വിധിക്കപ്പെട്ടപ്പോൾ സർവ്വശക്തനായ ദൈവം നൂഹുമായി ബന്ധപ്പെട്ടവർ അതിജീവിക്കുമെന്ന് വാഗ്ദാനം ചെയ്തു. കൊടുങ്കാറ്റ് സമീപിച്ചപ്പോൾ നൂഹുനബി(അ)യുടെ പുത്രന്മാരിൽ ഒരാൾ മുങ്ങിമരിക്കാറായപ്പോൾ നൂഹുനബി(അ) വിലപിച്ചു. "അല്ലയോ എന്റെ നാഥാ, ഇത് എന്റെ മകനാണ്! അതിന് സർവ്വശക്തനായ ദൈവം മറുപടി നല്കി: നിശ്ശബ്ദത പാലിക്കുക. അവൻ നിന്റെ മകനല്ല! അവൻ നിന്റെ മകനായിരുന്നുവെങ്കിൽ, അവൻ നിന്നെ സഹായിക്കുമായിരുന്നു. എന്നിൽ വിശ്വസിക്കുമായിരുന്നു. നീ എന്നോട് ഒരു പരിശുദ്ധബന്ധം സ്ഥാപിച്ചിരിക്കയാൽ ശിർക്കിൽനിന്ന് വിട്ടുനില്ക്കുമെന്ന് പ്രതിജ്ഞ ചെയ്തിരിക്കയാൽ എന്നെ സ്നേഹിക്കുന്നവർ മാത്രമേ സഹചരരായി ഗണിക്കപ്പെടുകയുള്ളൂ.

### അഹ്മദിയ്യത്തിനെ സംബന്ധിച്ച സത്യം:

എന്റെ പ്രിയപ്പെട്ട അഹ്മദികളേ! സർവ്വശക്തനായ അല്ലാഹു നമ്മുടെ ബന്ധുവൊന്നുമല്ല. എല്ലാവിധത്തിലുള്ള ശിർക്കും ത്യജിക്കുക. സർവ്വശക്തനായ ദൈവത്തെ മാത്രം ആരാധിക്കുക. അതുകാരണം അവൻ നിങ്ങളെ കാത്തുരക്ഷിക്കട്ടെ. സർവ്വശക്തനായ ദൈവം നൂഹുനബി(അ)യുടെ മകനെപ്പോലും പരിഗണിച്ചില്ല. അതുകൊണ്ട് ഒരാൾ അഹ്മദിയാണ് എന്നതുകൊണ്ടു മാത്രം തൃപ്തനാവുന്നത് അജ്ഞതയാണ്. പകരം അഹ്മദിയാണെന്ന് വിളിക്കപ്പെട്ടാൽ അർഹത നേടുന്ന പ്രവൃത്തികൾ ചെയ്യുക.

അതേപ്രകാരം ലൂത്വുനബി(അ)യുടെ ജനതക്ക് അവിശ്വാസം കാരണം എന്തുപറ്റിയെന്ന് പര്യാലോചിക്കുക. എന്നാൽ ലൂത് നബി(അ) അല്ലാഹുവിനോടു കൃതജ്ഞത കാണിച്ചതിനാൽ രക്ഷിക്കപ്പെട്ടു. അതുപോലെ നൂഹുനബി(അ)യുടെ മകനും ലൂത്വുനബി(അ)യുടെ ഭാര്യയും അവിശ്വാസികളുടെ പക്ഷം ചേർന്നതിനാൽ നശിച്ചു. ഇതിനുപുറമെ, സർവ്വശക്തനായ ദൈവം പ്രസ്താവിച്ചിട്ടുണ്ട്.

തന്റെ മകനെ ഉപദേശിച്ചുകൊണ്ട് ലുഖ്മാൻ പറഞ്ഞ സന്ദർഭം (ഓർക്കുക): എന്റെ പ്രിയപ്പെട്ട മകനേ, നീ അല്ലാഹുവിനോട് (ഒന്നിനേയും) പങ്കുചേർക്കരുത്. (അല്ലാഹുവിനോടു മറ്റെന്തിനെയെങ്കിലും) പങ്കുചേർക്കുന്നത് തീർച്ചയായും ഗുരുതരമായ അക്രമമാണ്. (31:14)

സർവ്വശക്തനായ അല്ലാഹു ലുഖ്മാന്റെ(അ) ഈ സംഭാഷണം വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലുഖ്മാൻ(അ) ഒരു യുക്തിജ്ഞനായിരുന്നു. തന്റെ മകനെ (ശിർക്കിനെതിരിൽ) ഉപദേശിച്ചുവെന്നു മാത്രമല്ല തന്റെ കുട്ടിയെ പ്രയോജനപ്രദമായതിലേക്ക് മാർഗദർശനം ചെയ്യുക എന്നത് സ്വാഭാവികമാണ്. മറിച്ച്, അതുമുഖേന തന്റെ മകൻ ജീവിതത്തിൽ വിജയിക്കണം എന്ന് ഊന്നൽ നല്കി. പറഞ്ഞു: എന്റെ മകനേ, സർവ്വശക്തനായ ദൈവത്തിനു പങ്കുകാരെ ചേർത്തുകൊണ്ടു കുറ്റവാളിയാകരുത്. അതു ഗൗരവാവഹമായ അന്യായമാണ്; മറ്റുള്ളവരെ ഔദാര്യവാനായ ദൈവത്തിനു തുല്യനായി പ്രഖ്യാപിക്കുക! നമുക്ക് എല്ലാവിധ അനുഗ്രഹങ്ങളും ചൊരിഞ്ഞുതരുന്ന നമുക്ക് സംഭവിക്കുന്ന നല്ലതും ചീത്തയുമായ കാര്യങ്ങളെ നിയന്ത്രിക്കുന്ന അവനോടു ചെയ്യുന്ന ഗുരുതരമായ അന്യായമാണത്.

ഈ സന്ദർഭത്തിൽ ഓർത്തിരിക്കേണ്ട പ്രധാനമായ കാര്യം ശിർക്കിൽനിന്ന് വിട്ടുനിൽക്കുക എന്നതിന്റെ അർഥം ലാ ഇലാഹ ഇല്ലല്ലാഹ് (ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല) എന്നു പറയുന്നതുകൊണ്ട് അതുമുഖേന ശുദ്ധീകരിക്കപ്പെടും എന്നല്ല. മറിച്ച്, ലുഖ്മാൻ(അ) ഊന്നിപ്പറഞ്ഞത് ഒരാൾ എല്ലാവിധത്തിലുള്ള ശിർക്കിൽനിന്ന് ഒഴിഞ്ഞുനില്ക്കണമെന്നാണ്. അതു പ്രകടമായതാ(ജലീ)വട്ടെ അല്ലെങ്കിൽ ഗോപ്യമായ(ഖഫീ)താവട്ടെ.

സർവ്വശക്തനായ ദൈവം തുടർന്നുപറയുന്നു: മനുഷ്യനെ തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് മേൽക്കുമേൽ ക്ഷീണം സഹിച്ചുകൊണ്ടാണ് അവനെ ഗർഭം ധരിച്ചത്. അവന്റെ മുലകുടി നിറുത്തൽ രണ്ടു വയസ്സിലാണ്. എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാണിക്കുക. എന്റെയടുക്കലേക്കു തന്നെയാണ് നിന്റെ മടക്കം. (31:15)

ഈ സൂക്തത്തിൽ സർവ്വശക്തനായ ദൈവം സ്പഷ്ടമായ നിലയിൽ തന്റെ പിതാവിനോടു നന്ദി കാണിക്കണമെന്നു പറഞ്ഞിട്ടില്ല. പക്ഷേ, വളരെ വ്യക്തമായ കാര്യമെന്തെന്നാൽ മാതാവ് വിഷമത്തിലാവുമ്പോൾ പിതാവ് അവരെ ശുശ്രൂഷിക്കുന്നു. ശിശു ജനിച്ചാൽ അതിനെയും ശുശ്രൂഷിക്കുന്നു. ഈ സൂക്തത്തിന്റെ മറ്റൊരു വശമെന്താണെന്നുവെച്ചാൽ സർവ്വശക്തനായ ദൈവം പ്രസ്താവിക്കുന്നത്, അവനോടു മനുഷ്യൻ കൃതജ്ഞത കാണിക്കണമെന്നാണ്. പക്ഷേ, കാരണം പറഞ്ഞിട്ടില്ല. പിന്നെ ജനങ്ങൾ എന്തിന് അവനോടു നന്ദി കാണിക്കണം? കാര്യത്തിന്റെ യാഥാർഥ്യമെന്തെന്നാൽ കുട്ടി ജനിച്ചശേഷം സർവ്വശക്തനായ ദൈവം അതിനോടുള്ള അത്രമാത്രം സ്നേഹം മാതാപിതാക്കളുടെ ഹൃദയത്തിൽ ക്രമേണ കടത്തുന്നു. ഈ സ്നേഹം കൂടാതെ ആ ശിശുവിന് ഒരു ദിവസംപോലും അതിജീവിക്കാൻ സാധ്യമല്ല. അതിലുപരി ശിശുവിന്റെ ജനനശേഷം മാതാവിന്റെ സ്തനങ്ങളിൽ പാൽ ഉരുണ്ടുകൂടുന്നു. അതുപോലെ സർവ്വശക്തനായ ദൈവം നമുക്ക് വായു, വെള്ളം മുതലായവ നല്കിയിട്ടുണ്ട്. ഈ സൂക്തത്തിനുശേഷം സർവ്വശക്തനായ ദൈവം പ്രഖ്യാപിക്കുന്നത് ഓരോ മനുഷ്യനും ദൈവത്തിലേക്ക് മടങ്ങേണ്ടതുണ്ടെന്നാണ്. അതുകൊണ്ട് ഒരാൾ കൃതജ്ഞത കാണിക്കുന്നില്ലെങ്കിൽ അവർ അതിന്റെ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും എന്നാണ്.

സർവ്വശക്തനായ ദൈവം പ്രസ്താവിക്കുന്നു: "നിനക്കറിവില്ലാത്ത വല്ലതിനേയും എന്നോടു കൂട്ടിച്ചേർത്ത് ആരാധിക്കാൻ അവരിരുവരും നിന്നോടു ശഠിക്കുന്നതായാൽ അപ്പോൾ നീ അവരെ അനുസരിക്കരുത്. ഐഹിക കാര്യങ്ങളിൽ അവരുമായി നീ നല്ലനിലയിൽ ബന്ധം പുലർത്തുക. എന്നിലേക്കു മടങ്ങിയവരുടെ മാർഗം നീ പിൻപറ്റുക. പിന്നീട് നിങ്ങളുടെ മടക്കം എന്നിലേക്കുതന്നെയായിരിക്കും. നിങ്ങൾ എന്തു പ്രവർത്തിക്കുന്നവരായിരുന്നുവോ, അതിനെക്കുറിച്ച് അപ്പോൾ ഞാൻ നിങ്ങൾക്കു വിവരം തരുന്നതാണ്. (31:16)

ഈ സൂക്തത്തിൽ സർവ്വശക്തനായ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് മാതാപിതാക്കന്മാർ പോലും-എല്ലാ സാഹചര്യങ്ങളിലും അവരെ അനുസരിക്കണം അവരോടുള്ള അനുസരണക്കേട് ശിക്ഷാർഹമാണ് എങ്കിലും-ശിർക്ക് ചെയ്യാൻ ആജ്ഞാപിക്കുകയാണെങ്കിൽ അവരെ അനുസരിക്കരുതെന്നാണ് സർവ്വശക്തനായ ദൈവം തുടർന്നു പറയുന്നത്. ഇതുകൂടാതെ ഒരാൾ മാതാപിതാക്കളെ അനുസരിക്കണമെന്നും സർവ്വശക്തനായ ദൈവത്തിലേക്ക് തിരിയുന്ന എല്ലാവരേയും അനുസരിക്കണമെന്നുമാണ്. കാരണമെന്തെന്നാൽ ഓരോരുത്തരും അവസാനം സർവ്വശക്തനായ ദൈവത്തിലേക്ക് മടക്കപ്പെടുമെന്നാണ്. അവിടെ ഓരോരുത്തരുടേയും പ്രവർത്തനമനുസരിച്ചാണ് വിധി കല്പിക്കുന്നത് എന്നാണ്. ഇവിടെ സർവ്വശക്തനായ ദൈവം പ്രസ്താവിക്കുന്നത് ഇക്കാര്യത്തിൽ തങ്ങളുടെ സ്വന്തം മാതാപിതാക്കളെപോലും അനുസരിക്കരുതെന്നാണ്. അവനോടു പങ്കുകാരെ ചേർക്കരുത്. അങ്ങനെ ഒരുവിധത്തിൽ നിങ്ങളെ അവരിൽനിന്ന് വേർതിരിക്കുകയാണ്.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

(ഇതുകാരണം) നിങ്ങൾ ഒരു അനാഥരെപ്പോലെയാണ്. എന്നാൽ, ദൈവം ആരോടും കടപ്പെട്ടവനായിരിക്കുന്നില്ല. നിങ്ങൾ പിറന്നുവീണപ്പോൾ സർവ്വശക്തനായ ദൈവം നിങ്ങളോടുള്ള സ്നേഹം നിങ്ങളുടെ മാതാപിതാക്കളുടെ ഹൃദയങ്ങളിൽ കടത്തിയോ, അതുപോലെ സർവ്വശക്തനായ ദൈവം നിങ്ങളുടെ ഹൃദയങ്ങളിൽ അവന്റെ ദൂതന്മാരോടുള്ള സ്നേഹം അങ്കുരിപ്പിച്ചിട്ടുണ്ട്. അവൻ നിയോഗിച്ചവരുടെ ഹൃദയങ്ങളിലും അങ്കുരിപ്പിച്ചിട്ടുണ്ട്. യഥാർഥത്തിൽ അവരുടെ സ്നേഹം എത്രയോ വലുതായിരിക്കും. എന്തെന്നാൽ, സർവ്വശക്തനായ ദൈവം ഒരാളിൽനിന്ന് എന്തെങ്കിലും എടുത്താൻൽ അവൻ അതു മടക്കിത്തരുന്നത് നിരവധി ഇരട്ടിയായാണ്. ഇക്കാര്യത്തിൽ സർവ്വശക്തനായ അല്ലാഹു പ്രസ്താവിക്കുന്നു.

“എന്നിലേക്കു മടങ്ങിയവരുടെ മാർഗം നീ പിൻപറ്റുക. പിന്നീട് നിങ്ങളുടെ മടക്കം എന്നിലേക്കുതന്നെയായിരിക്കും.(31:16) അതിന്റെ അർഥം ദൈവത്തിന്റെ പ്രവാചകന്മാരെ അനുസരിക്കുക. അവരെ നിങ്ങളുടെ മാതാപിതാക്കന്മാരായി ഗണിക്കുക എന്നാണ്.

ഇതിനെ തുടർന്ന് സർവ്വശക്തനായ ദൈവം ഹദ്റത്ത് ലുഖ്മാന്റെ(അ) സംഭാഷണം രേഖപ്പെടുത്തിയിരിക്കുന്നു.

“ലുഖ്മാൻ(അ) പറഞ്ഞു: എന്റെ പ്രിയപ്പെട്ട മകനേ, അത് (മനുഷ്യന്റെ കർമം) കടുകുമണിത്തൂക്കമായിരുന്നാൽതന്നെയും പിന്നീടതു പാറക്കുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ ആയിരുന്നാലും അല്ലാഹു അതിനെ (പ്രതിഫലരംഗത്ത്) കൊണ്ടുവരുന്നതാണ്. അല്ലാഹു സൂക്ഷ്മജ്ഞനും ബോധവാനുമാകുന്നു.” (31:17)

ഇവിടെയും ഹദ്റത്ത് ലുഖ്മാൻ(അ) ഓർമപ്പെടുത്തുന്നത് സർവ്വശക്തനായ ദൈവം ഏറ്റവും സൂക്ഷ്മമായ കാര്യങ്ങളെക്കുറിച്ചും ബോധവാനാണെന്നാണ്. അതുകൊണ്ട് ഒരാൾ ഏറ്റവും സൂക്ഷ്മമായ ശിർക്ക് ചെയ്യുന്നതിൽനിന്ന് അകന്നുനിൽക്കണം എന്നാണ്. പിന്നെ ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം മകനെ ഉപദേശിക്കുന്നു.

“എന്റെ പ്രിയപ്പെട്ട മകനേ, നമസ്കാരം നിലനിറുത്തുക, നല്ലകാര്യം ഉപദേശിക്കുക. നിഷിദ്ധകാര്യം നിരോധിക്കുക. നിന്നെ ബാധിക്കുന്ന വിപത്തുകളിൽ സഹനം കൈക്കൊള്ളുക. തീർച്ചയായുമിത് നിശ്ചയദാർഢ്യം ആവശ്യമായ കാര്യങ്ങളിൽ പെട്ടതാണ്.” (31:18)

ഹദ്റത്ത് ലുഖ്മാൻ(അ) മകനെ അറിയിക്കുന്നത് പാപത്തിൽനിന്ന് അകന്നു നിൽക്കുന്നതു മാത്രം മഹത്തായ ഗുണമല്ലെന്നാണ്. മറിച്ച് മറ്റുള്ളവരെ പാപത്തിൽനിന്ന് അകറ്റിനിറുത്തുന്നതും നന്മകളെ പ്രവർത്തനപഥത്തിൽ കൊണ്ടുവരുന്നതുമാണ് യഥാർഥമായ മഹത്ത്വം. അതുകൊണ്ടാണ് അദ്ദേഹം പ്രസ്താവിച്ചത് നീ സ്വയംതന്നെ ശിർക്കിൽനിന്ന് സംരക്ഷണം തേടിയശേഷം നീ നമസ്കാരം അനുഷ്ഠിക്കേണ്ടതുണ്ട്. അതായത് ശരിയായരീതിയിൽ ആരാധന നടത്തുക. ഏതുപരിധിവരെയെന്നാൽ നീ സംസാരിക്കുമ്പോഴും തിന്നുമ്പോഴും കുടിക്കുമ്പോഴും അത് സർവ്വശക്തനായ ദൈവത്തിനുവേണ്ടി മാത്രമാവണം. നീ അത്തരത്തിലുള്ള ഒരു പദവിയിലെത്തിയാൽ നീ ദൈവത്തിന്റെ വരിഷ്ഠദാസരിൽപെടും. അവൻ നന്മ ചെയ്യാനും തിന്മ വിരോധിക്കാനും അനുശാസിക്കുന്നു. പിന്നെ അവരുടെ സമ്പ്രദായമനുസരിച്ച് ജനങ്ങൾ നിങ്ങളെ ഉപദ്രവിക്കാൻ ആഗ്രഹിക്കുകയും ചെയ്യും. എന്തെന്നാൽ തുടക്കത്തിൽ പ്രവാചകന്മാർ തങ്ങളുടെ ജനതയാൽ പരിഗണിക്കപ്പെടുന്നത് ഇതേവഴിയിൽത്തന്നെയാണ്. അപ്രകാരം അങ്ങനെയാണെന്നിരിക്കയും ഈ വിഷമങ്ങളിലെല്ലാം നിങ്ങൾ സഹനം കൈക്കൊള്ളുകയും വേണം. ഇത് ദൃഢനിശ്ചയം ആവശ്യപ്പെടുന്ന കാര്യമാണ്.

ഇതേതുടർന്ന് നമ്മൾ വിശുദ്ധഖുർആനിൽ കണ്ടെത്തുന്നു:“(കോപം നിമിത്തം) ജനങ്ങളുടെ മുമ്പാകെ നിന്റെ കവിൾ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ടു നടക്കുകയുമരുത്. അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ലതന്നെ” (31:19)

ഹദ്റത്ത് ലുഖ്മാൻ(അ) പിന്നീട് പറയുന്നത് സ്ഥിരമായൊരു കാലം നിങ്ങൾ സഹനം പ്രകടമാക്കിയശേഷം ജനങ്ങൾ നിങ്ങളിലേക്ക് തിരിയുമെന്നാണ്. എന്തെന്നാൽ, നിങ്ങൾ സ്വയം ലോകത്തുനിന്ന് അല്ലാഹുവിനുവേണ്ടി ബന്ധം വിച്ഛേദിച്ചാൽ ജനങ്ങൾ നിങ്ങൾക്കെതിരെ ശത്രുത പുലർത്തും. ഒടുവിൽ സർവ്വശക്തനായ ദൈവം ജനങ്ങളുടെ ശ്രദ്ധ നിങ്ങളിലേക്ക് തിരിക്കും. ഏതുപരിധിവരെയെന്നാൽ നിങ്ങൾ അവരുടെ നേരെ ദാക്ഷിണ്യമില്ലാത്തവരായിത്തീരാൻ സാധ്യതയുണ്ട്. ഇങ്ങനെ ചെയ്യരുത്. നിങ്ങൾ നടന്നുപോകുമ്പോൾ അഹങ്കാരത്തിന്റെ ഒരംശംപോലും കാണിക്കരുത്; എന്തെന്നാൽ അത്തരം പ്രവൃത്തി സർവ്വശക്തനായ അല്ലാഹുവിന്റെ അസംതൃപ്തിക്ക് പാത്രമാകും. അടുത്ത സൂക്തം പ്രസ്താവിക്കുന്നു “നിന്റെ നടപ്പിൽ മിതത്വം കൈക്കൊള്ളുക. നിന്റെ ശബ്ദം അല്പം താഴ്ത്തുക. ശബ്ദങ്ങളിൽ ഏറ്റവും വെറുക്കപ്പെട്ടത് കഴുതയുടെ ശബ്ദമാണ്.’ (31:20)

ഇവിടെയും പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് അദ്ദേഹം ദൈവത്തിന്റെ പ്രവാചകനായി നിയുക്തനാക്കപ്പെട്ടപ്പോൾ ജനങ്ങൾ വിദൂരദേശത്തുനിന്ന് അദ്ദേഹത്തെ കണ്ടുമുട്ടാൻ യാത്രചെയ്തപ്പോൾ, അദ്ദേഹം തന്റെ വീട്ടിൽ കയറി വാതിലടക്കുകയും ചെയ്താൽ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്താൻ വന്നവർ പറയും ഞങ്ങൾ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്താൻ വന്നു, എന്നാൽ, അദ്ദേഹം തന്റെ വീട്ടിലിരുന്നു വാതിലടച്ചു. അതേപ്രകാരം ജനങ്ങൾ പ്രവാചകന്റെ വാക്കുകൾ കേൾക്കാൻ വരുമ്പോൾ അദ്ദേഹം ശബ്ദമുയർത്തുകയോ അവരോടു കഠിനവാക്കുകൾ ഉപയോഗിക്കുകയോ ചെയ്താൽ അവർ അസംതൃപ്തരായി കാണപ്പെടും. കഴുതയുടെ ശബ്ദം ഉച്ചത്തിലും ഏറ്റവും അസംതൃപ്തിയുണ്ടാക്കുന്നതുമാണ്.

വിശുദ്ധഖുർആന്റെ ഈ ഖണ്ഡികയിൽ ഹദ്റത്ത് ലുഖ്മാൻ(അ) തന്റെ മകനെ ഉപദേശിക്കുന്നത് അവൻ ഒന്നാമതായി ശിർക്ക് ചെയ്യുന്നത് ഉപേക്ഷിക്കണമെന്നും പാപം ത്യജിക്കണമെന്നും ദൈവാരാധന സ്ഥാപിക്കണമെന്നുമാണ്. ഒരിക്കൽ അദ്ദേഹം പാപം ചെയ്യുന്നതിൽനിന്ന് മാറിനില്ക്കുകയും തിന്മകൾ ചെയ്യുകയുമാണെങ്കിൽ അദ്ദേഹം ദൈവത്തിന്റെ വരിഷ്ഠനായി ഗണിക്കപ്പെടും.

ശിർക്കാണ് എല്ലാ തിന്മയുടെയും വേരെന്ന് ദൈവവചനത്തിൽനിന്ന് വ്യക്തമാണെന്ന കാര്യം മനസ്സിലാക്കുക. ഇനി ഞാൻ പ്രാർഥനയോടുകൂടി ഉപസംഹരിക്കുകയാണ്. സർവ്വശക്തനായ ദൈവം നമ്മെ പരിശുദ്ധരാക്കുകയും നമ്മുടെ ഹൃദയങ്ങൾ ശിർക്ക് കാർന്നുതിന്നാതിരിക്കുകയും ഹദ്റത്ത് ലുഖ്മാൻ(അ) നല്കിയ മാർഗദർശനം പ്രാവർത്തികമാക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ (ദീ റിവ്യൂ ഓഫ് റിലീജ്യൻസ്, നവംബർ 2019)

★★★★

## ബദ്ർ ആഴ്ചപ്പതിപ്പ് സ്വയം വായിക്കുക;
## തങ്ങളുടെ സുഹൃത്തുക്കൾക്കുവേണ്ടി വരിക്കാരാകുക.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ബദ്ർ ആഴ്ചപ്പതിപ്പിന്റെ സ്പെഷ്യൽ പതിപ്പിലേക്ക് സന്ദേശം അയച്ചുകൊണ്ട് പറഞ്ഞു: ‘‘ജമാഅത്തംഗങ്ങളുടെ ആത്മീയ പരിഷ്കരണത്തിനും അഭിവൃദ്ധിക്കുംവേണ്ടിയാണ് ബദ്ർ ആഴ്ചപ്പതിപ്പ് ആരംഭിച്ചിട്ടുള്ളതെന്ന് അതിന്റെ പ്രവർത്തകരും വായനക്കാരും എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ പൂർവിക മഹാത്മാക്കൾ പ്രതികൂലാവസ്ഥയിലും അത് തുടർന്നുകൊണ്ടുവരാൻ ആത്മാർഥമായി ശ്രമിച്ചു. അവരുടെ ദുആകളുടേയും തെളിമയാർന്ന ശ്രമങ്ങളുടേയും അനുഗ്രഹത്താൽ ഇന്നുവരെ അത് നടന്നുവരുന്നു. ഇക്കാര്യം വിളിച്ചോതുന്നത് ഏറ്റവും കൂടുതൽ അഹ്മദികൾ അത് വായിക്കണമെന്നും പ്രയോജനപ്പെടുത്തണമെന്നുമാണ്. അല്ലാഹു അവന്റെ കൃപകൊണ്ട് ഭാരതത്തിലെ അഹ്മദികൾക്ക് മറ്റു ലോകഅഹ്മദികളെ അപേക്ഷിച്ച് പ്രത്യേകമായും ഇത് വായിക്കാനും ഇതുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.’’

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ (അയ്യദഹുല്ലാഹ്) സുപ്രധാനവും ഉൾക്കാഴ്ചാഭരിതവുമായ മേൽനിർദേശത്തിന്റെ വെളിച്ചത്തിൽ, ഓരോ വീട്ടിലും ബദ്ർ ആഴ്ചപ്പതിപ്പിന്റെ വായന നടപ്പിൽ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഭാരതത്തിലെ ജമാഅത്തംഗങ്ങളെ ഓർമിപ്പിക്കുകയാണ്. ഇതിൽ വിശുദ്ധഖുർആൻ, തിരുഹദീഥ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങൾക്കു പുറമെ ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്വ്ബകളും പ്രഭാഷണങ്ങളും അതുപോലെതന്നെ അവിടന്ന് വിവിധരാജ്യങ്ങളിൽ നടത്തുന്ന പര്യടനങ്ങളുടെ ഹൃദ്യവും ഈമാൻ ദൃഢീകരിക്കുന്നതുമായ റിപ്പോർട്ടുകളും കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു. ഇതു വായിക്കേണ്ട ത് ഓരോ അഹ്മദിക്കും നിർബന്ധമാണ്. ദൈവകൃപയാൽ ഇപ്പോൾ ഈ ആഴ്ചപ്പതിപ്പ് ഹിന്ദി, ബംഗ്ല, തമിൾ, തെലുങ്ക്, മലയാളം, ഒഡിയ ഭാഷകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതുവരെ വരിക്കാരായിട്ടില്ലാത്ത അഹ്മദികൾ, വരിക്കാരാകുകയും സ്വയം വായിക്കുകയും കുട്ടികളേയും വീട്ടിലെ മറ്റുള്ളവരേയും വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ബദ്ർ ആഴ്ചപ്പതിപ്പ് ലഭ്യമാകുന്നതിനേയും വരിസംഖ്യ നല്കുന്നതിനേയും സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. +911872224757, +919417020616, managerbadrqnd@gmail.com


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

‘ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!’
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama’at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama’ath Kannur Town, Kerala**

(പേജ് 1ൽനിന്ന്)

രക്കണക്കിന് വിദ്യാർഥികൾ മുഴുവൻ വർഷത്തേയും അധ്വാനങ്ങളുടേയും ബുദ്ധിമുട്ടുകളുടേയുമേൽ വെള്ളംകുത്തി വീണത് കണ്ട് കരഞ്ഞിരിക്കുന്നതും ആത്മഹത്യ ചെയ്യുന്നതും നമ്മൾ കാണുന്നു. എന്നാൽ, അല്ലാഹുവിന്റെ തികവുറ്റ കൃപ എങ്ങനെയുള്ളതാണെന്നാൽ അവൻ അല്പമാത്ര കർമംപോലും പാഴാക്കിക്കളയുന്നില്ല. ഇങ്ങനെ വരുമ്പോൾ മനുഷ്യൻ ലോകത്ത് അനുമാനപരവും ഊഹാപരവുമായ കാര്യങ്ങൾ വിശ്രമംപോലും തന്നിൽ നിഷിദ്ധമാക്കി, ഒരുപക്ഷേ, വിജയിക്കുമെന്ന ശുഷ്കമായ പ്രതീക്ഷയിൽ ആയിരക്കണക്കിന് ദുഃഖവും വിഷമവും പേറി താൽപര്യത്തോടെ അധ്വാനിക്കുന്നത് എത്രത്തോളം ഖേദകരമാണ്. വ്യാപാരി ലാഭം കിട്ടുമെന്ന് പ്രതീക്ഷയിൽ ലക്ഷക്കണക്കിന് രൂപ മുടക്കുന്നു. എന്നാൽ, തീർച്ചയായും ലാഭം കിട്ടുമെന്ന പ്രതീക്ഷ അയാൾക്കും ഉണ്ടാകുന്നില്ല. എന്നാൽ, അല്ലാഹുവിലേക്ക് പോകുന്നവന്റെ (തന്നിലേക്ക് വരുന്നവന്റെ അല്പമാത്ര അധ്വാനംപോലും പാഴായിപ്പോകുകയില്ലെന്ന അവന്റെ വാഗ്ദാനമാണെങ്കിൽ ദൃഢഗാഢവും ഉറച്ചതുമാണ്)പ്രയത്നവും പരിശ്രമവും അത്രമാത്രം ഞാൻ കാണുന്നുമില്ല. ഇവരെന്തുകൊണ്ടാണ് മനസ്സിലാക്കാത്തത്? എന്തുകൊണ്ടാണ് ഭയപ്പെടാത്തത്? അവസാനം ഒരു നാൾ മരിക്കേണ്ടതാണ്. അവർ ഈ പരാജയങ്ങൾ കണ്ടിട്ടും ഈ വ്യാപാരത്തിന്റെ ചിന്തയിൽ ഇരിക്കാൻ കഴിയുകയില്ലേ? അവിടെ നഷ്ടത്തിന്റെ പേരോ അടയാളമോപോലുമില്ല. ലാഭം ദൃഢഗാഢമാണ്. കർഷകൻ എത്രമാത്രം ബുദ്ധിമുട്ടിയാണ് കൃഷി ഇറക്കുന്നത്. എന്നാൽ, അതിന്റെ ഫലം സൗഖ്യംതന്നെയായിരിക്കുമെന്ന് ആർക്കാണ് പറയാൻ കഴിയുക.

അല്ലാഹു എത്രമാത്രം കരുണാമയനാണ്. പൈസപോലും അടയ്ക്കാൻ കഴിയും. രൂപയും അശ്റഫിയും നിക്ഷേപിക്കാൻ കഴിയും. കള്ളനും കൊള്ളക്കാരനും കൊണ്ടുപോകുമെന്നുള്ള ഭയമില്ല. പാപ്പരാകുമെന്ന് ഭീഷണിയുമില്ല. ഹദീഥിൽ വന്നിരിക്കുന്നു: 'ആരെങ്കിലും ഒരു മുള്ള് വഴിയിൽനിന്ന് നീക്കിയാൽ അതിനും അവന് പ്രതിഫലം നല്കപ്പെടുന്നതാണ്. വെള്ളം കോരിയെടുക്കുമ്പോൾ ഒരു തൊട്ടി തന്റെ സഹദോരന്റെ കുടത്തിൽ ഒഴിക്കുകയാണെങ്കിൽ അല്ലാഹു അതിന്റെ പ്രതിഫലവും പാഴാക്കുകയില്ല.' അതിനാൽ ഓർമിക്കുക! മനുഷ്യൻ ഒരിക്കലും പരാജയപ്പെടാത്ത വഴി അല്ലാഹുവിന്റെ വഴിയാണ്. ലോകത്തിന്റെ രാജവീഥി എങ്ങനെയുള്ളതാണെന്നാൽ അതിന്റെ ഓരോ ചുവടിലും പരാജയങ്ങളുടെ പാറക്കല്ലുകളാണുള്ളത്. ഇബ്റാഹീം അദ്ഹം, ശാഹ് ശുജാഅ്, മുജദ്ദിദുമായിരുന്ന ശാഹ് അബ്ദുൽ അസീസ് തുടങ്ങി രാജഭരണംപോലും ഉപേക്ഷിച്ച ആ ആളുകളുണ്ടല്ലോ, അവർ വിഡ്ഢികളായിരുന്നില്ല. ഭരണവും രാജാധിപത്യവും ലോകത്തിന്റെ പ്രൗഢിയുമെല്ലാം അവർ ഉപേക്ഷിച്ചു. ഓരോ സ്റ്റെപ്പിലും ഒരു ആഘാതമുണ്ടായിരുന്നുവെന്നതാണ് അതിന് കാരണം. അല്ലാഹു ഒരു മാണിക്യക്കല്ലാണ്. അത് തിരിച്ചറിഞ്ഞതിനുശേഷം മനുഷ്യൻ ലൗകിക വസ്തുക്കളെ എത്രമാത്രം നിന്ദ്യതയോടും അപമാനത്തോടുംകൂടി കാണുന്നുവെന്നാൽ അതു നോക്കുന്നതിനുതന്നെ സ്വാഭാവികമായി ഒരു ബലപ്രയോഗവും ബലാൽക്കാരവും ചെയ്യേണ്ടിവരുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ മഅ്രിഫത്ത് ആഗ്രഹിക്കുക. അവനിലേക്കുതന്നെ ചുവടുവെക്കുക;വിജയം അതിലാണ്."(മൽഫൂദാത്ത് വാല്യം 1 പേജ് 122–125, 2018 ഖാദിയാൻ)

(പേജ് 2ൽനിന്ന്)

ചെളിയിൽ പൂണ്ടുപോകുകയും ചെയ്യും. സംശയമുണ്ടെങ്കിൽ പരീക്ഷിച്ചു നോക്കുക. പാതിരി ഇമാദുദ്ദീൻ സാഹിബ് നമ്മളോടു പറയുകയാണെങ്കിൽ നാം ഏതെങ്കിലും അറബിയെ എത്തിച്ച് നിശ്ചിത തിയതികളിൽ ഒരു സമ്മേളനം സംഘടിപ്പിക്കാം. അതിന്റെ ഉത്തരവാദിത്വം നാം ഏറ്റെടുക്കാം. കുറച്ചു മൗലവിമാരുണ്ടാകും. കുറച്ചു ക്രിസ്ത്യാനികളെ തന്നോടൊപ്പം കൊണ്ടുവരേണ്ടത് ഇമാദുദ്ദീൻസാഹിബിന്റെ ചുമതലയായിരിക്കും. പിന്നീട് ഹാജരായിട്ടുള്ള എല്ലാവരുടേയും മുമ്പിൽ ആദ്യം ഇമാദുദ്ദീൻ സാഹിബ് എന്തെങ്കിലും കഥ- ആ നേരത്ത് അദ്ദേഹത്തിനു നല്കപ്പെടുന്ന ശീർഷകത്തിൽ അറബിയിൽ വിവരിക്കേണ്ടതാണ്. പിന്നീട് അതേ കഥ എതിർപക്ഷത്തെ ഹാജരാകുന്ന അറബി തന്റെ ഭാഷയിൽ വിവരിക്കുന്നതായിരിക്കും. എന്നിട്ട് വിധികർത്താക്കൾ ഇമാദുദ്ദീൻ സാഹിബ് ശരിയായ അറബിഭാഷയിൽ സംസാരിച്ചുവെന്ന് പറയുകയാണെങ്കിൽ നാം അത് അംഗീകരിക്കുന്നതായിരിക്കും. അപ്പോഴാണ് അയാളുടെ ഖുർആനെതിരെയുള്ള ആക്ഷേപത്തിന് എന്തെങ്കിലും കഴമ്പുണ്ടാകുക! എന്നല്ല ആ നേരത്ത് ഉടനെ തന്നെ അദ്ദേഹത്തിന് 50 രൂപ സമ്മാനമായി രൊക്കം നല്കുന്നതുമായിരിക്കും. എന്നാൽ, ആ നേരത്ത് സാഹിത്യസമ്പുഷ്ടവും സാഹതീയ സൗന്ദര്യവുമുള്ള പ്രസംഗം ചെയ്യുന്നതിനു പകരം തെറ്റായ വിവരണത്തിന്റെ ദുർഗന്ധം പരത്തുകയും അല്ലെങ്കിൽ തന്റെ നിന്ദ്യതയും അപമാനവും പേടിച്ച് ഏതെങ്കിലും പത്രംമുഖേന അത്തരം അവസരത്തിന് തയ്യാറാണെന്ന് അറിയിക്കാതിരിക്കുകയും ചെയ്താൽ **ലഅ്നത്തുല്ലാഹി അലൽ കാദിബീൻ** എന്നു പറയുകയല്ലാതെ നമുക്ക് ഒരു നിർവാഹവുമില്ല. ഇമാദുദ്ദീൻ സാഹിബ് രണ്ടാം ജന്മം പ്രാപിച്ചാലും അയാൾക്കെവിടേയും ഭാഷാപണ്ഡിതനെ നേരിടാൻ കഴിയുക ഇല്ലെന്ന കാര്യവും ഓർത്തുകൊള്ളുക. അയാൾ ഏതൊരു അവസ്ഥയിലും അറബികളുമായി സംസാരിക്കാൻ അയാൾക്ക് ഇട വന്നാൽ അയാൾ ഊമയായി ഇരിക്കാൻ തയ്യാറായിക്കൊള്ളുക. ഇത്തരം അജ്ഞന്റെ ഗ്രന്ഥത്തെ വിശ്വസിച്ചുകൊണ്ട് ആ അതുല്യമായ ഗ്രന്ഥത്തിന്റെ വാഗ്വിലാസത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്ന- ആ ഗ്രന്ഥമാണെങ്കിൽ അറേബ്യക്കാരുടെ സയ്യിദിന്റെ മേൽ ഇറക്കപ്പെട്ടതും അതിന്റെ സാഹിതീയ സൗന്ദര്യവും അർഥഗാംഭീര്യവും അറേബ്യയിലെ സകല സാഹിത്യകാരന്മാരും അംഗീകരിച്ചിട്ടുള്ളതാണ്- ക്രിസ്ത്യാനികളുടേയും ആര്യസമാജക്കാരുടേയും ബുദ്ധിയുടെമേൽ ആയിരം ഖേദവും രണ്ടായിരം ശാപവും! ഈ വിശുദ്ധ ഗ്രന്ഥം ഇറങ്ങിയതോടെ 'സബ്അ് മുഅല്ലഖാത്ത്' മക്കയുടെ കവാടത്തിൽനിന്നിറക്കപ്പെട്ടു. പ്രസ്തുത മുഅല്ലഖാത്തിന്റെ കവികളിൽ അക്കാലത്ത് ജീവിച്ചിരുന്നവർ താമസംവിന ഈ ഗ്രന്ഥത്തിൽ വിശ്വസിച്ചു.'(ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 434, അടിക്കുറിപ്പ് 11)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഗ്രന്ഥമായ ഹുജ്ജത്തുൽ ഇസ്‌ലാമിൽ ക്രിസ്ത്യാനികളെ, പ്രത്യേകിച്ചും പാതിരിമാരെ വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു: 'ഇസ്‌ലാമിന്റെ പ്രകാശവും വിശുദ്ധ ഖുർആനിന്റെ പ്രകാശവും നബി(സ)തിരുമേനിയുടെ കാലത്തുണ്ടായിരുന്നതുപോലെ ഇന്നും നിലനില്ക്കുന്നുണ്ട്. നാം അത് കാണിക്കാൻ തയ്യാറാണ്. അവിടന്ന് അവരെ മുബാഹലയ്ക്കു ക്ഷണിച്ചു. പാതിരി ഇമാദുദ്ദീനെ പേരെടുത്തു വിളിച്ചിരുന്നു. മോക്ഷം ആഗ്രഹിക്കുന്നവൻ ഈ വെല്ലുവിളി സ്വീകരിക്കേണ്ടതാണ്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി:

'ഈയുള്ളവനെതിരെ ഏതൊരു സാഹിബ് എഴുന്നേറ്റുനിന്നാലും- അയാൾ ഏതെങ്കിലും രീതിയിൽ പ്രശസ്തനോ ആദരിക്കപ്പെടുന്ന പാതിരിമാരിൽപ്പെട്ടയാളോ ആയിരിക്കേണ്ടതുണ്ട്- (അല്ലാതെ കേവലം ജ്ഞാനസ്നാനം ചെയ്ത പാതിരി ആകരുത്). കാരണം ഏതൊരു കാര്യമാണോ ഈ പോരാട്ടത്തിന്റേയും വാദപ്രതിവാദത്തിന്റേയും ഉദ്ദേശ്യമായിട്ടുള്ളത് അത് നിലകൊള്ളുന്നത് ഇത്തരം കാര്യത്തിലാണ്- അതായത് ഇരുകക്ഷിയും അവരവരുടെ ജനതയിലെ പ്രധാനപ്പെട്ട വ്യക്തികളായിരിക്കണം, അതേ! ചുരുക്കം എന്ന നിലയിലും ന്യാപൂർത്തിവരുത്തുക എന്ന നിലയിലും ഈ മത്സരത്തിന് പാതിരി ഇമാദുദ്ദീൻ സാഹിബ്, അല്ലെങ്കിൽ പാതിരി ഠാക്കൂർ ദാസ് സാഹിബ്, അല്ലെങ്കിൽ മിസ്റ്റർ പാതിരി അബ്ദുല്ലാഹ് ആഥിം സാഹിബ് ക്രിസ്ത്യാനികളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നത് എനിക്ക് സമ്മതമാണ്.'(ഹുജ്ജത്തുൽ ഇസ്‌ലാം റൂഹാനീ ഖസാഇൻ വാല്യം 6, പേജ് 63)

ജങ്കെ മുഖദ്ദസ് വാദപ്രതിവാദത്തിൽ ക്രിസ്ത്യാനികൾക്കുണ്ടായി പരാജയത്തിന്റെ ക്ഷീണം തീർക്കുന്നതിനുവേണ്ടി പാതിരി ഇമാദുദ്ദീൻ 'തൗസീനുൽ അഖ്‌വാൻ' എന്ന ഒരു ഗ്രന്ഥം എഴുതിയിരുന്നു. അതിലാണ് അയാൾ വിശുദ്ധ ഖുർആനിലെ സാഹിത്യസമ്പുഷ്ടിയുടേയും അർഥഗാംഭീര്യത്തിന്റേയുംമേൽ ആക്ഷേപം ഉന്നയിച്ചത്. നബി(സ) തിരുമേനിയുടെമേൽ ലജ്ജാഹീനമായ ആക്രമണം നടത്തി. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)അതിനുള്ള മറുപടിയിൽ 'നൂറുൽഹഖ് ഭാഗം ഒന്ന്' അറബിയിൽ പ്രസിദ്ധീകരിച്ചു. സാഹിത്യസമ്പുഷ്ടവും അർഥഗാംഭീര്യവുമുള്ള ഇത്തരം ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചാൽ 5000 രൂപ സമ്മാനം നല്കാമെന്ന് വെല്ലുവിളിച്ചു. അവിടന്ന് പറഞ്ഞു:'അവർ ഇതിനുതുല്യമായ ഗ്രന്ഥം പ്രസിദ്ധീകരിച്ചില്ലെങ്കിൽ, മത്സരത്തിൽനിന്ന് പിന്മാറുകയും നബി(സ) തിരുമേനിയേയും വിശുദ്ധ ഖുർആനേയും ആക്ഷേപിക്കുന്നതിൽനിന്ന് സ്വയം തങ്ങളെ തടയുകയും ചെയ്യുന്നില്ലെങ്കിൽ അവരുടെമേൽ ആയിരം ലഅ്നത്ത്!എതിരാളികൾ മറുപടി പറയുന്നതിൽ പരാജയപ്പെടുകയും മൈതാനം വിട്ടു ഓടുകയും ചെയ്തപ്പോൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പാതിരി ഇമാദുദ്ദീനെ കുറിച്ച് പറഞ്ഞു:'ബാക്കിയുള്ളത് പാതിരി ഇമാദുദ്ദീനാണ്. അയാളുടെ കഴുത്തിൽ ആയിരം ലഅ്നത്തിന്റെ, നിന്ദ്യതയുടെ നീളമുള്ള കയർ വീണിരിക്കുന്നു. അതു നൂറുൽഹഖിനുള്ള മറുപടി എഴുതുന്നതിൽ പരാജയപ്പെട്ടതുകൊണ്ട് അയാൾക്കും അയാളുടെ എല്ലാ സഹോദരങ്ങൾക്കും കിട്ടിയതാണ്."(അൻവാറുൽ ഇസ്‌ലാം റൂഹാനീ ഖസാഇൻ വാല്യം 9, പേജ് 60)(മൻസ്വൂർ അഹ്മദ് മസ്റൂർ)

ബദർ
The Weekly BADR Qadian
(Malayalam)
https://www.akhbarbadrqadian.in/

## അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 02 April 2020 Issue-14

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

(തുടർച്ച...)

## 2018 ഒക്ടോബർ 9 തിങ്കളാഴ്ച:

## അമേരിക്കയിലെ മുബല്ലിഗുമാരുമായി ഹുദൂറിന്റെ കൂടിക്കാഴ്ച

**ഹുദൂർ:** തഹ്‌രീക്കെ ജദീദിന്റെ നിയമസംഹിത അടങ്ങിയ ഗ്രന്ഥത്തിൽ മുബല്ലിഗുമാരുടെ കടമകളേയും ഉത്തരവാദിത്വങ്ങളേയും കുറിച്ചുള്ള നിയമങ്ങളുമുണ്ട്. 23 പോയിന്റുകളാണ് അവിടെ ഉള്ളത്. അതെല്ലാവരും വായിച്ചിട്ടുണ്ടോ? നിങ്ങളെല്ലാവരും ഇതിലുള്ള സ്വന്തം ഉത്തരവാദിത്വങ്ങൾ വായിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. സ്വന്തം ജീവിതത്തെ ഇസ്‌ലാമികാധ്യാപനമനുസരിച്ച് മാറ്റിയെടുക്കുക. ജമാഅത്ത് പൂർണമായും പ്രബോധന രംഗത്തിറങ്ങാൻ പ്രേരിപ്പിക്കുക. പിന്നെ തർബിയ്യത്ത് ചെയ്യലും നിങ്ങളുടെ ഉത്തരവാദിത്വമാണ്. സെക്രട്ടറി തർബി യ്യത്ത് പ്രോഗ്രാം ഉണ്ടാക്കുന്നു. സെക്രട്ടറി തബ്‌ലീഗ് പ്രോഗ്രാം തയ്യാറാക്കുന്നു. ദായിയീനെ ഇലല്ലായുടെ തർബിയ്യത്ത് നിങ്ങളാണ് ചെയ്യേണ്ടത്. ദീനീ അറിവ് നിങ്ങളുടെയടുക്കലാണുള്ളത്. അവരുടെയടുക്കലല്ല. രാവിലെ എഴുന്നേല്ക്കുക. തയ്യാറെടുപ്പ് നടത്തുക. എട്ടരയോടെ സ്വന്തം ഓഫീസിലേക്ക് വരിക. പ്രവർത്തനം ആരംഭിക്കുക. കത്തുകൾ പരിശോധിക്കുക. എന്നിട്ട് തബ്‌ലീഗിനുവേണ്ടി പുറപ്പെടുക. പ്രോഗ്രാം മുൻകൂട്ടി തയ്യാറാക്കിയിരിക്കേണ്ടതാണ്. തബ്‌ലീഗിനുവേണ്ടി പുതിയ പുതിയ വഴികൾ കണ്ടെത്തുക. പുതിയ വഴികൾ അന്വേഷിക്കേണ്ടതായി വരുന്നു. ഇപ്രകാരം ചെയ്യുന്ന മുബല്ലിഗുമാർ വിജയം പ്രാപിക്കുന്നു. തബ്‌ലീഗ് ചെയ്യുന്ന മുബല്ലിഗുമാർ ഏതെങ്കിലും പുതിയ മാർഗങ്ങൾ കണ്ടെത്തുന്നതായി ഞാൻ ഘാനയിൽ കണ്ടിട്ടുണ്ട്. ലഘുലേഖയുമെടുത്ത് വഴിയോരങ്ങളിലും റോഡിന്റെ വശങ്ങളിലും നില്ക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം ബന്ധങ്ങൾ ആരംഭിക്കുന്നു. ആദ്യ ദിവസം തന്നെ വിജയം കിട്ടുകയില്ല. അത് നേടിയെടുക്കാൻ പരിശ്രമിക്കേണ്ടതായി വരുന്നു. എല്ലാ വർഷവും പത്ത് ശതമാനം ആളുകൾക്ക് ജമാഅത്തിനെ പരിചയപ്പെടുത്തികൊടുക്കണമെന്ന് ഏഴെട്ട് വർഷംമുമ്പേ ഞാൻ പറഞ്ഞിരുന്നു. എന്നാൽ അമേരിക്കയിൽ മൊത്തത്തിൽ ഇതുവരെ ഒരു ശതമാനം ആളുകൾക്കുപോലും ജമാഅത്തിനെ പരിചയപ്പടുത്തൽ നടന്നിട്ടില്ല. ബിൽബോർഡ് (billboard)പതിച്ചു. walk അല്ലെങ്കിൽ സമാധാനത്തിന്റെ ലഘുലേഖ വിതരണം ചെയ്തു. അതു കഴിഞ്ഞാൽ അതിന്റെ അടുത്ത സ്റ്റെപ്പുകൾ വെക്കേണ്ടതുണ്ട്. മോട്ടിവേറ്റ് ചെയ്യേണ്ട പ്രവൃത്തി മുബല്ലിഗുമാർ തന്നെയാണ് ചെയ്യേണ്ടത് മുബല്ലിഗ് തബ്‌ലീഗ് കമ്മിറ്റിയിലേയും അംഗമാണ്. നിങ്ങൾ തയ്യാറാക്കുന്ന ലഘുലേഖകളിൽ ആദ്യം ജനങ്ങൾക്കാവശ്യമുള്ളതേതാണെന്ന് ചർച്ച ചെയ്ത് തീരുമാനിക്കുക. ഏത് പ്രദേശത്താണോ വിതരണം ചെയ്യുന്നത് അതും വിലയിരുത്തുക. ശേഷം പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള ലഘുലേഖകൾ പ്രസിദ്ധീകരിക്കുക. സ്വന്തം ബന്ധങ്ങൾ വ്യാപിപ്പിക്കുക.സോഷ്യൽ മീഡിയ മുഖേന ചിലർ സ്വന്തം പ്രോഗ്രാം തയ്യാറാക്കുന്നുണ്ട്. തബ്‌ലീഗ് ചെയ്യുന്നുണ്ട്. വളരെ നല്ലരീതിയിൽ അവർ പ്രവർത്തിക്കുന്നു. ഇത് എല്ലാവരും ചെയ്യേണ്ടതാണ്. നവ അഹ്‌മദികളുടെ തർബിയ്യത്ത് സംബന്ധമായി നിങ്ങൾക്ക് ജമാഅത്തിന്റെ ഭാഗത്ത് നിന്നുള്ള പ്രാഗ്രാം കിട്ടാറുണ്ടോ?

മുബല്ലിഗ് ഇൻചാർജ്: പുതുതായി ബയ്അത്ത് ചെയ്ത് അകന്നു പോയ അഞ്ച് പേരെ അടുപ്പിച്ചു കൊണ്ട് വരാൻ ഓരോരുത്തർക്കും ടാർഗറ്റ് നല്കിയിട്ടുണ്ട്. അകന്നുപോകാത്തവരെ അടുപ്പിച്ചു നിറുത്താൻ സ്ഥിരമായി ബന്ധങ്ങളുണ്ടാക്കുക. അവരെ ഉപേക്ഷിച്ച് കളയരുത്. പാക്കിസ്താനികൾ സ്വന്തം മജ്‌ലിസുകൾ കൂടാറുണ്ട്. ഇപ്രകാരം മറ്റുള്ളവർ അകന്നു പോകുന്നു. ഈ രീതി തെറ്റാണ്. ഇക്കാര്യത്തിലേക്ക് ശ്രദ്ധയുണ്ടാകണം.ഇപ്പോൾ പാക്കിസ്താനിൽനിന്നു കൂടി ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു. നിങ്ങളും വിശുദ്ധ ഖുർആൻ ക്ലാസുകൾ സ്ഥിരമായി എടുക്കേണ്ടതുണ്ട്. സ്വന്തം ജമാഅത്തിന്റെ
ഇസ്‌ലാഹി കമ്മിറ്റിയിലും ലോക്കൽ മിഷണറി അംഗമാണ്. പ്രശ്നങ്ങൾ മുമ്പിൽ വരുന്നതിനു മുമ്പേ പരിഹാരങ്ങൾ അന്വേഷിക്കണം.

ഒരു മുബല്ലിഗ്: ഒരു പെൺകുട്ടി വിവാഹം കഴിക്കണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ അവരുടെ മാതാപിതാക്കൾ പെൺകുട്ടിയെ തുടർന്നും പഠിക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു.

**ഹുദൂർ:** ഇത്തരം കേസുകൾ മുമ്പിൽ വരുമ്പോൾ ഈ കമ്മിറ്റിയിൽ അത് വെച്ചു പരിഹാരമുണ്ടാക്കേണ്ടതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നല്കി അവരെക്കൊണ്ട് ജോലി ചെയ്യിക്കാനാണെങ്കിൽ സമ്പാദിക്കാനാണെങ്കിൽ അതു കാരണത്താൽ അവരുടെ വിവാഹം പെട്ടെന്നാകാതിരിക്കുകയാണെങ്കിൽ ഞാന് അത്തരം വിദ്യാഭ്യാസത്തിനെതിരാണ്. ജമാഅത്തിലെ അംഗങ്ങളെ ഒരുമിപ്പിക്കേണ്ട പണി നിങ്ങളുടേതാണ്. ജനങ്ങൾക്ക് ഉദ്യോഗസ്ഥരെ കുറിച്ച പരാതികളുണ്ടാകും. ഉദ്യാഗസ്ഥർക്കും മനസ്സിലാക്കി കൊടുക്കുക. ജനങ്ങൾക്കും മനസ്സിലാക്കി കൊടുക്കുക. നിങ്ങൾ ഉദ്യോഗസ്ഥരുടെ കൈകളിലല്ല ബയ്അത്ത് ചെയ്തിട്ടുള്ളത്. ഹദ്റത്ത് വാഗ്ദത്തമസീഹിനാണ് ബയ്അത്ത് ചെയ്തിട്ടുള്ളത്. തർക്ക വിതർക്കങ്ങളിലുള്ളവരുടെ വീടുകളിൽ പോയി കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുക. എന്നാൽ പ്രശ്ന പരിഹാരം ഉണ്ടാകുന്നതുവരെ ഒരു വീട്ടിൽനിന്നും തിന്നുകയോ കുടിക്കുകയോ ചെയ്യരുത്. തർബിയ്യത്തിനുള്ള ഒരു മാർഗം വസിയ്യത്തിലേക്ക് ശ്രദ്ധ തിരിക്കുക എന്നുള്ളതാണ്. അതിനു വേണ്ടി സെക്രട്ടറി വസ്വായയെ സഹായിക്കുക. വസിയ്യത്തിൽ അംഗമാകുന്നതോടെ ജനങ്ങളുടെ സംസ്കരണത്തിന്റേയും ത്യാഗത്തിന്റേയും നിലവാരം ഉത്തമമായിത്തീരുന്നു.

ചന്ദ വർധിപ്പിക്കുന്നതിനും, നിലവാരം വർധിപ്പിക്കുന്നതിനും തോതനുസരിച്ച് ചന്ദ കൊടുക്കാനും സെക്രട്ടറിമാരെ മുബല്ലിഗുമാർ സഹായിക്കേണ്ടതുണ്ട്. ഇത് അടിസ്ഥാനപരമായ തർബിയ്യത്ത് പ്രവൃത്തിയാണ്. ജനങ്ങൾ ശരിയായ ശറഹ് അനുസരിച്ച് ചന്ദ കൊടുക്കുക എന്നത് മുബല്ലിഗുമാരുടെ കടമകളിൽപെട്ടതാണ്. നേരിട്ട് ഇടപെടേണ്ട കാര്യമില്ല. എന്നാൽ, ചന്ദ വർധിപ്പിക്കുന്നതിൽ സഹായിക്കുക.

ഒരു മുബല്ലിഗ്: ലൈവ് ഖുത്‌ബ ജുമുഅ സുബ്ഹി നമസ്കാര സമയത്താണ് വരുന്നതെങ്കിൽ എന്തു ചെയ്യണം. അമേരിക്കയിലെ ചില പ്രദേശങ്ങളിൽ ലൈവ് ഖുത്‌ബ വരുന്ന സമയത്ത് സുബ്ഹി നമസ്കാര സമയമായിരിക്കും?

**ഹുദൂർ:** ഫജ്റിന്റെ സമയം പ്രത്യേക സമയമാണ്. അതുകൊണ്ട് സമയത്ത് അത് നിർവ്വഹിക്കുക. ഖുത്‌ബ ശേഷം നിങ്ങൾ കേൾക്കുക. രണ്ടാമത് ട്രാൻസ്മിറ്റ് ചെയ്യാൻ എം ടീ എ മൂന്ന് മണിക്കൂർ സമയമാണ് താമസിപ്പിക്കുന്നത്. ആ സമയത്ത് കേൾക്കുക. ജൽസയുടെ പ്രോഗ്രാമോ ഇതര പരിപാടികളോ ആണെങ്കിൽ കാലത്തിന്റെ ഖലീഫയുടെ ഖുത്‌ബ ലൈവ് വരികയാണെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ അവസ്ഥയനുസരിച്ച് ളുഹ്റും-അസ്റും, മഗ്‌രിബും ഇശായും ജംആക്കാവുന്നതാണ്. പ്രസംഗം കേൾക്കുന്നതിന് മുമ്പേയോ പിമ്പേയോ സമയം കണക്കാക്കി ജംആക്കാവുന്നതാണ്. എന്നാൽ, സുബ്ഹി നമസ്കാര സമയം നിർബന്ധ സാഹചര്യമാണ്. അത് ഒരു നിശ്ചിത സമയമാണ്. അത് ശേഷം നിർവഹിക്കാൻ കഴിയില്ല.

സുബ്ഹി നമസ്കാര സംബന്ധമായി ചോദിച്ചത് ആരായാലും ഇങ്ങനെയൊരു ചോദ്യത്തിന് പ്രസക്തിയേയില്ല. നമസ്കാരത്തിന്റെ സമയങ്ങൾ ഏതൊക്കെയാണെന്ന് ഒരു മുബല്ലിഗിന് അറിവുണ്ടാകേണ്ടതാണ്.

വിവാഹ വേളയിലെ ഉചിതമല്ലാത്ത പ്രവർത്തനങ്ങൾ, അനിഷ്ടകരമായ കാര്യങ്ങൾ എന്നിവയെ സംബന്ധിച്ച് ഒരു മുബല്ലിഗ് ചോദിച്ചു:

**ഹുദൂർ:** നിങ്ങൾ ഖുതുബകൾ കേൾക്കാറുണ്ടോ? ഞാനെല്ലാം അതിൽ പറഞ്ഞിട്ടുണ്ട്. വിവാഹ വേളയിൽ അനിസ്‌ലാമിക രീതികൾ എന്തെങ്കിലും കണ്ടാൽ അവരെ ഓർമപ്പെടുത്തി അത് അവസാനിപ്പിക്കുക. ഇസ്‌ലാമിക രീതികളും അധ്യാപനങ്ങളും അനുസരിച്ച് വിവാഹങ്ങൾ നടക്കേണ്ടതുണ്ട്. ഓർമപ്പെടുത്തിയിട്ടും മാറ്റം ഉണ്ടാകുന്നില്ലെങ്കിൽ അവിടുന്ന് എഴുന്നേറ്റ് പോരിക. അവിടെ ഇരിക്കരുത്. അവിടെത്തന്നെ ഇരുന്നാൽ നിങ്ങൾക്കും ശിക്ഷ കിട്ടും.

ചില മുബല്ലിഗുമാർ: ചില അനഹ്‌മദികൾ ഞങ്ങളെക്കൊണ്ട് അവരുടെ നിക്കാഹ് ഖുത്‌ബ നടത്തിക്കാൻ ആഗ്രഹം പ്രകടിപ്പിക്കാറുണ്ട്. അങ്ങനെ ഇസ്‌ലാമിക രീതിയിൽ അവരുടെ നിക്കാഹ് നടത്തപ്പെടണമെന്നാണ് അവരുടെ ആഗ്രഹം.

**ഹുദൂർ:** അവിടെ നിക്കാഹ് ഖുത്‌ബ ചെയ്യുന്നവർ രജിസ്റ്റേർഡ് ചെയ്യേണ്ടതുണ്ടോ എന്ന് വിലയിരുത്തുക. നിങ്ങൾ രജിസ്റ്റേർഡ് ആണെങ്കിൽ നിക്കാഹ് ചെയ്തു കൊടുക്കാവുന്നതാണ്.

ഒരു മുബല്ലിഗിനോടു **ഹുദൂർ പറഞ്ഞു:** ആദ്യം അന്വേഷിച്ച് പറയുക. നിങ്ങളുടെ രാജ്യനിയമം എന്താണെന്ന്. നിയമമെന്താണോ അതനുസരിച്ച് പ്രവർത്തിക്കുക.

ഒരു മുബല്ലിഗ്: ആരെങ്കിലും വിവാഹത്തിനുവേണ്ടി ബയ്അത്തു ചെയ്താൽ എന്താണ് ചെയ്യേണ്ടത്?

**ഹുദൂർ:** ഹൃദയങ്ങളുടെ അവസ്ഥ അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. എന്തായാലും അവർ വിവാഹം കഴിക്കുകതന്നെ ചെയ്യും. അനുവാദമില്ലാതെ കഴിച്ചാൽ ജമാഅത്തിൽനിന്ന് പുറത്താക്കുകയും ചെയ്യും. ഇപ്രകാരം ചുരുങ്ങിയത് ഒരു തിന്മയിൽ നിന്നെങ്കിലും രക്ഷപ്പെടുമല്ലോ. നമുക്ക് ഒരു വ്യവസ്ഥിതിയുണ്ട്. ഏതെങ്കിലും ആൺകുട്ടി ബയ്അത്ത് ചെയ്താൽ ജമാഅത്തിന്റെ നിയമാവലി അനുസരിച്ച് അയാൾ ഒരു വർഷം വരെ തുടരണം. ഒരു വർഷം മുമ്പേ വിവാഹം കഴിക്കണമെങ്കിൽ ഏതെങ്കിലും കാരണത്താൽ ധിറുതിയിൽ ചെയ്യണമെങ്കിൽ ഞാൻ അനുവാദം നല്കാറുണ്ട്. കാരണം അവർ തിന്മയിൽ നിന്ന് രക്ഷപെടട്ടെ എന്നതു കൊണ്ടാണത്. മറ്റൊന്ന് അവർ ജമാഅത്തിനോടടുക്കട്ടെ എന്നതാണ്. അല്ലെങ്കിൽ വിവാഹം കഴിക്കുന്നവർ കോർട്ടിലും പോയി അത് ചെയ്യും.

**തുടരും**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin